E9Y1A6

## അധ്യായം 3

# സ്വകാര്യ, പൊതു, ആഗോള സംരംഭങ്ങൾ

# (PRIVATE, PUBLIC AND GLOBAL ENTERPRISES)

**പഠന നേട്ടങ്ങൾ**

ഈ അധ്യായം പഠിച്ച് കഴിയുമ്പോൾ പഠിതാവ് :

- ബിസിനസ് എന്ന ആശയവും അതിന്റെ സവിശേഷതകളെ കുറിച്ചും വിവരിക്കുന്നു.
- വിവിധ പൊതുമേഖല സംരംഭങ്ങളായ വകുപ്പുതല സംരംഭങ്ങൾ, പൊതു കോർപ്പറേഷനുകൾ, സർക്കാർകമ്പനികൾ എന്നിവയുടെ പ്രത്യേകതകൾ വിശദീകരിക്കുന്നു.
- പൊതുമേഖലയുടെ മാറിക്കൊണ്ടിരിക്കുന്ന പങ്കിനെ കുറിച്ച് വിമർശനാത്മകമായി പരിശോധിക്കുന്നു.
- ആഗോള സംരംഭങ്ങളുടെ സ്വഭാവ സവിശേഷതകൾ വിശദീകരിക്കുന്നു.
- സംയുക്ത സംരംഭങ്ങളുടെ നേട്ടങ്ങളെക്കുറിച്ച് വിവേചിച്ചറിയുന്നു.

പതിനൊന്നാം ക്ലാസ് വിദ്യാർത്ഥിനിയായ അനിത പത്ര വായനക്കിടയിൽ ചില തലക്കെട്ടുകൾ ഏറെ ശ്രദ്ധിച്ചു. അവയിൽ ചിലത് സർക്കാർ ചില കമ്പനികളിലെ അവരുടെ നിക്ഷേപം പിൻവലിക്കാൻ തീരുമാനിക്കുന്നത് സംബന്ധിച്ചായിരുന്നു. പിറ്റേദിവസം ഒരു പുതിയ വാർത്ത കൂടി കാണാൻ ഇടയായി. അത് ഭീമമായ നഷ്ടം വരുത്തിവച്ച പൊതുമേഖലാ കമ്പനി അടച്ചു പൂട്ടുന്നതുമായി ബന്ധപ്പെട്ടതായിരുന്നു. ഈ വാർത്തയ്ക്ക് വിരുദ്ധമായി പല സ്വകാര്യ സംരംഭങ്ങളും നല്ല രീതിയിൽ ലാഭം നേടുന്ന വാർത്തകളും അവളുടെ ശ്രദ്ധ ആകർഷിച്ചു. സ്വകാര്യമേഖല (Private sector), ഓഹരി വിറ്റഴിക്കൽ (Disinvestment), സ്വകാര്യവൽക്കരണം (Privatisation) എന്നീ വാക്കുകൾ അനിതയിൽ ജിജ്ഞാസ ഉളവാക്കി. റെയിൽവേ പോലെയുള്ള ചില മേഖലകളിൽ സർക്കാർ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ എന്നും മറ്റു ചില മേഖലകളിൽ സർക്കാർ നിയന്ത്രണത്തിലും സ്വകാര്യവ്യക്തികളുടെ നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവൾ മനസ്സിലാക്കി. ഘനവ്യവസായ സംരംഭങ്ങളിൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ്(SAIL), ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (BHEL), ടാറ്റാ സ്റ്റീൽ ലിമിറ്റഡ് (Tata Steel Ltd.), റിലയൻസ് (Reliance), ബിർലാ (Birla) തുടങ്ങിയ കമ്പനികൾ നിലനിൽക്കുന്നു. ടെലികോം മേഖലയിൽ ടാറ്റ (Tata), റിലയൻസ് (Reliance), എയർടെൽ (Airtel) തുടങ്ങിയ സ്വകാര്യ സംരംഭങ്ങളും ബി.എസ്.എൻ.എൽ (BSNL), എം.ടി.എൻ.എൽ (MTNL) തുടങ്ങിയ സർക്കാർ സംരംഭങ്ങളും തോളോടുതോൾ ചേർന്നു പ്രവർത്തിക്കുന്നു. വ്യോമയാന മേഖലയിൽ സർക്കാർ സംരംഭങ്ങളായ ഇന്ത്യൻ എയർലൈൻസ് (Indian Airlines), എയർ ഇന്ത്യ (Air India) എന്നിവയോടൊപ്പം സ്വകാര്യ മേഖലയിൽ നിന്ന് എയർലൈൻസ് സഹാറാ (Airlines Sahara), ജെറ്റ് (Jet), ഇൻഡിഗോ (Indigo) തുടങ്ങിയവയും പ്രവർത്തിക്കുന്നു. കൊക്കക്കോള (CocoCola), പെപ്സി (Pepsi), ഹ്യുണ്ടായി (Hundai) എന്നിവ ഇവിടെത്തന്നെ ഉള്ളവ ആയിരുന്നോ അതോ മറ്റേതെങ്കിലും രാജ്യങ്ങളിൽ പ്രവർത്തിച്ച് കൊണ്ടിരുന്നവയായിരുന്നോ എന്നായി അവളുടെ അടുത്ത ചിന്ത. അവൾ വായനശാലയിലേക്ക് പോവുകയും അവിടെ കണ്ട പുസ്തകങ്ങളിലും ബിസിനസ് വാരികകളിലും വർത്തമാന പത്രങ്ങളിലും തന്റെ സംശയങ്ങൾ പരിഹരിക്കുന്നതിനായി ഇത്രയധികം വിജ്ഞാനങ്ങൾ ലഭ്യമാണല്ലോ എന്ന് കണ്ട് അതിശയിക്കുകയും ചെയ്തു.

## 3.1 ആമുഖം

നമ്മൾ എല്ലാവരും തന്നെ ദൈനംദിന ജീവിതത്തിൽ പലതരം ബിസിനസ് സ്ഥാപനങ്ങളുമായി ബന്ധപ്പെടാറുണ്ട്. നമ്മുടെ സമീപ പ്രദേശങ്ങളിൽ ഏകാംഗ ഉടമസ്ഥതയിലുള്ള വ്യാപാരസ്ഥാപനങ്ങളും വലിയ കമ്പനികളുടെ നിയന്ത്രണത്തിലുള്ള സൂപ്പർ മാർക്കറ്റുകളും ഒന്നിൽക്കൂടുതൽ വ്യക്തികൾ ചേർന്നു നടത്തുന്ന പങ്കാളിത്ത ബിസിനസുകളും കാണപ്പെടുന്നുണ്ട്. ഇവയൊക്കെത്തന്നെ സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്. അതുപോലെ തന്നെ സർക്കാർ നിയന്ത്രണത്തിലുള്ള അനേകം സ്ഥാപനങ്ങളും നമുക്കു പരിചയമുണ്ട്. ഇന്ത്യൻ റെയിൽവേ, കെ.എസ്.ആർ.ടി.സി (KSRTC), പോസ്റ്റോഫീസ് തുടങ്ങിയവ പൂർണമായും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്. പണ്ടുകാലത്ത് കത്തിടപാടുകൾ നടത്തുവാൻ നാം പോസ്റ്റ് ഓഫീസിനെ മാത്രമാണ് ആശ്രയിച്ചിരുന്നതെങ്കിൽ ഇപ്പോൾ വ്യത്യസ്ത രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ കൊറിയർ സേവന സ്ഥാപനങ്ങളെ വേഗത്തിലുള്ള കത്തിടപാടുകൾക്കായി നാം ആശ്രയിക്കുന്നു. ഇങ്ങനെ ഒന്നിൽ കൂടുതൽ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ആഗോള സ്ഥാപനങ്ങൾ എന്ന് അറിയപ്പെടുന്നു. പൊതുമേഖല എന്നോ സ്വകാര്യ മേഖല എന്നോ ആഗോള മേഖലയെന്നോ തരംതിരിവില്ലാതെ എല്ലാത്തരം സ്ഥാപനങ്ങളും രാജ്യത്ത് ബിസിനസ് നടത്തുന്നതായി കാണുവാൻ കഴിയും. ഈ അധ്യായത്തിൽ ഇത്തരത്തിലുള്ള വിവിധ സ്ഥാപനങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

## 3.2 സ്വകാര്യമേഖലയും പൊതുമേഖലയും (Private Sector and Public Sector)

നമ്മുടെ രാജ്യത്ത് വിവിധ തരത്തിലുള്ള ബിസിനസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവ സ്വകാര്യ നിയന്ത്രണത്തിലുള്ളതോ സർക്കാർ ഉടമസ്ഥതയിലുള്ളതോ ആകുന്നു. നമ്മുടെ ദൈനംദിന സാമ്പത്തിക കാര്യങ്ങളെ സ്വാധീനിക്കുന്നതിനാൽ ഈ സ്ഥാപനങ്ങൾ ഇന്ത്യൻ സമ്പദ്ഘടനയുടെ പ്രധാന ഭാഗമാകുന്നു. ഇന്ത്യൻ സമ്പദ്ഘടനയിൽ സ്വകാര്യമേഖലയിലും പൊതുമേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉള്ളതിനാൽ നമ്മുടെ സമ്പദ്ഘടന ഒരു മിശ്ര സമ്പദ്ഘടന (Mixed Economy) എന്നറിയപ്പെടുന്നു. ഭാരത സർക്കാർ സ്വകാര്യ മേഖലയുടെയും പൊതുമേഖലയുടെയും പങ്കാളിത്തമുള്ള മിശ്ര സമ്പദ്ഘടനയാണ് സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യൻ സമ്പദ്ഘടനയെ പ്രധാനമായും സ്വകാര്യമേഖലയെന്നും പൊതുമേഖലയെന്നും രണ്ടായി തരംതിരിക്കാം.


സ്വകാര്യവ്യക്തികളോ സ്വകാര്യ സ്ഥാപനങ്ങളോ നടത്തുന്ന ബിസിനസ് സ്ഥാപനങ്ങളാണ് സ്വകാര്യ മേഖലയിൽ ഉൾപ്പെടുന്നത്. ഏകാംഗ വ്യാപാരം, പങ്കാളിത്ത വ്യാപാരം, ഹിന്ദു അവിഭക്ത കുടുംബ ബിസിനസ്, സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ തുടങ്ങിയവ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങളാണ്.

സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള സ്ഥാപനങ്ങളാണ് പൊതുമേഖലാസ്ഥാപനങ്ങൾ. ഇത്തരം സ്ഥാപനങ്ങൾ പൂർണമായോ ഭാഗികമായോ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ ഉടമസ്ഥതയിൽ ആയിരിക്കും. ഇവ പാർലമെന്റ് പാസാക്കിയ പ്രത്യേക നിയമത്തിന്റെയോ ഏതെങ്കിലും മന്ത്രാലയത്തിന്റെയോ ഭാഗമാകാം. രാജ്യത്തെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനുള്ള മാർഗ്ഗമായി പൊതുമേഖലാ സ്ഥാപനങ്ങളെ സർക്കാർ ഉപയോഗിക്കുന്നു.

സർക്കാർ കാലാകാലങ്ങളിൽ വ്യവസായ നയ പ്രമേയങ്ങളിലൂടെ കൃത്യമായി സ്വകാര്യമേഖലയുടെയും പൊതുമേഖലയുടെയും പ്രവർത്തനങ്ങളെപ്പറ്റി പ്രതിപാദിക്കാറുണ്ട്. 1948 ലെ വ്യവസായ നയ പ്രമേയത്തിൽ സർക്കാർ വ്യവസായ മേഖലയുടെ പുരോഗതിക്ക് വേണ്ട സമീപനം മുന്നോട്ടുവച്ചു. ഇതിലൂടെ സർക്കാർ സ്വകാര്യ മേഖലയുടെയും പൊതുമേഖലയുടെയും പങ്ക് വ്യക്തമാക്കുകയും വിവിധ നിയമങ്ങളിലൂടെയും നിയന്ത്രണങ്ങളിലൂടെയും ഇവയുടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുകയും ചെയ്തു. 1956 ലെ വ്യവസായ നയ പ്രമേയം വ്യവസായവൽക്കരണവും വളർച്ചാനിരക്കും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി പൊതുമേഖലയ്ക്ക് പ്രാധാന്യം നൽകി ചില ലക്ഷ്യങ്ങൾ മുന്നോട്ടുവയ്ക്കുകയും അതോടൊപ്പംതന്നെ സ്വകാര്യ മേഖലയുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തുകയും ചെയ്തു. എന്നാൽ 1991 ലെ വ്യവസായ നയ പ്രമേയം മുൻ നയ പ്രമേയങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്വകാര്യ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നതും ഇന്ത്യയിലേക്ക് നേരിട്ട് വിദേശനിക്ഷേപം ആകർഷിക്കുന്നതും ആയിരുന്നു. അതുവഴി ഒന്നിൽ കൂടുതൽ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ആഗോള സ്ഥാപനങ്ങൾ ഇന്ത്യൻ സമ്പദ് ഘടനയിലേക്ക് പ്രവേശിച്ചു. നമ്മുടെ സമ്പദ്ഘടനയിൽ പൊതുമേഖല, സ്വകാര്യ മേഖല, ആഗോള ബിസിനസ് സംരംഭങ്ങൾ എന്നിവ നിലനിൽക്കുന്നുണ്ട്.

## 3.3 പൊതുമേഖലാ സ്ഥാപനങ്ങളുടെ സംഘടനാ രൂപങ്ങൾ (Forms of Organising Public Sector Enterprises)

സ്വകാര്യ മേഖലയിലെ വിവിധ തരം ബിസിനസ് സംഘടനാ രൂപങ്ങളായ ഏകാംഗ വ്യാപാരം, പങ്കാളിത്ത ബിസിനസ്, ഹിന്ദു കൂട്ടുകുടുംബ ബിസിനസ്സ്, സഹകരണ സ്ഥാപനങ്ങൾ, കമ്പനി എന്നിവയെക്കുറിച്ച് കഴിഞ്ഞ അധ്യായത്തിൽ നാം പരിചയപ്പെട്ടിട്ടുണ്ട്.




അതുപോലെതന്നെ ബിസിനസ് രംഗത്ത് സർക്കാരിന്റെ ഇടപെടലുകൾക്ക് ചില സംഘടനാ രൂപങ്ങൾ ആവശ്യമുണ്ട്.

പൊതുമേഖലയുടെ രൂപീകരണത്തിൽ സർക്കാരിന് നിർണായകമായ സ്ഥാനം ഉള്ളതിനാൽ അവ എങ്ങനെ രൂപീകരിക്കണം ഏത് സംഘടനാരൂപം സ്വീകരിക്കണം എന്നുള്ളത് സർക്കാരിനെ സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യം തന്നെയാണ്. എന്നാൽ സർക്കാർ അവിടുത്തെ ജനങ്ങൾ, ഓഫീസുകൾ, ജീവനക്കാർ എന്നിവയിലൂടെ പ്രവർത്തിക്കുകയും സർക്കാരിന് വേണ്ടി അവർ തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നു. രാജ്യത്തെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ളത്. മാത്രമല്ല ഇന്നത്തെ ഉദാരവൽക്കൃത മത്സരലോകത്ത് ഇവ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്ക് നേട്ടമുണ്ടാക്കും എന്നും പ്രതീക്ഷിക്കുന്നു. പൊതു ഉടമസ്ഥതയിലുള്ള ഇത്തരം സ്ഥാപനങ്ങൾ അവയുടെ കണക്ക് പാർലമെന്റിലൂടെ പൊതു ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. പൊതു ഉടമസ്ഥത, പൊതുമുതൽ ഉപയോഗം, പൊതുജനങ്ങളോടുള്ള ഉത്തരവാദിത്വം തുടങ്ങിയവയാണ് ഇവയുടെ പ്രത്യേകതകൾ.

ഒരു പൊതുമേഖലാ സ്ഥാപനത്തിന് അതിന്റെ പ്രവർത്തന സ്വഭാവത്തിന്റെയും സർക്കാരുമായുള്ള ബന്ധത്തിന്റെയും അടിസ്ഥാനത്തിൽ ഏതുതരം സംഘടനാരൂപവും സ്വീകരിക്കാവുന്നതാണ്. എന്നാൽ അവയുടെ ആവശ്യകതയ്ക്ക് അനുസരിച്ചായിരിക്കും അനുയോജ്യമായ സംഘടനാരൂപം തീരുമാനിക്കുക. പൊതുമേഖലയിലെ ഏതൊരു സ്ഥാപനവും പൊതുതത്വങ്ങൾക്കനുസരിച്ച് സംഘടനാപരമായ ഉൽപ്പാദനക്ഷമതയും ഗുണനിലവാരവും ഉറപ്പാക്കേണ്ടതുണ്ട്. പ്രധാനമായും മൂന്ന് രൂപത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിക്കപ്പെട്ടിരിക്കുന്നത്.

1. വകുപ്പുതല സംരംഭങ്ങൾ
   (Departmental Undertaking)
2. പൊതു കോർപ്പറേഷനുകൾ
   (Statutory Corporation/Public Corporation)
3. സർക്കാർ കമ്പനികൾ
   (Government Company)

### 3.3.1 വകുപ്പുതല സംരംഭങ്ങൾ (Departmental Undertakings)

സർക്കാരിന്റെ ഒരു പ്രത്യേക മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് വകുപ്പുതല സംരംഭങ്ങൾ. പൊതുമേഖലാസ്ഥാപനങ്ങളിൽ ഏറ്റവും പഴക്കം ചെന്നതും പാരമ്പരാഗതമായിട്ടുള്ളവയുമാണിവ. ഇവ സ്വയം ഭരണാവകാശമുള്ള സ്ഥാപനങ്ങളല്ല. കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഉദ്യോഗസ്ഥന്മാരാണ് വകുപ്പുതല സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ഇവ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ നിയന്ത്രണത്തിലുള്ളതും അതത് സർക്കാരിന്റെ നിയമങ്ങൾക്ക് വിധേയവുമാണ്. ഇന്ത്യൻ റെയിൽവേ, ഇന്ത്യൻ പോസ്റ്റൽ സർവ്വീസ്, ആകാശവാണി, ദൂരദർശൻ മുതലായവ വകുപ്പുതല സംരംഭങ്ങൾക്ക് ഉദാഹരണങ്ങളാണ്.

## പ്രത്യേകതകൾ (Features)

വകുപ്പുതല സംരംഭങ്ങളുടെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.

1. ഇത്തരം സംരംഭങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ പണം സർക്കാർ ഖജനാവിൽ നിന്ന് പൊതുബജറ്റ് വഴി അനുവദിക്കുന്നു. ഇവയുടെ വരുമാനം സർക്കാർ ഖജനാവിലേക്ക് നൽകുന്നു.
2. എല്ലാ സർക്കാർ പ്രവർത്തനങ്ങൾക്കുമുള്ള സാമ്പത്തിക പരിശോധനാ സംവിധാനം ഇവയ്ക്കും ബാധകമാണ്.
3. ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർ സർക്കാർ ജീവനക്കാരായിരിക്കും. അവരുടെ നിയമന സേവന വ്യവസ്ഥകൾ സർക്കാർ ജീവനക്കാരുടേതിന് തുല്യമാണ്. ഇവയുടെ മേധാവികൾ ഐ.എ.എസ് (IAS) തലത്തിലുള്ള ഉദ്യോഗസ്ഥനായിരിക്കും.
4. ഇവ സർക്കാർ മന്ത്രാലയത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരിക്കും.
5. മാനേജ്മെന്റ് ബന്ധപ്പെട്ട മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലായതിനാൽ മന്ത്രാലയത്തോട് ഉത്തരം പറയാൻ ഇവർ ചുമതലപ്പെട്ടിരിക്കുന്നു.

### മേന്മകൾ (Merits)

വകുപ്പുതല സംരംഭങ്ങളുടെ മേന്മകൾ ചുവടെ വിവരിക്കുന്നു.

1. ഇവയുടെ പ്രവർത്തനങ്ങളിൽ പാർലമെന്റിന്റെ കാര്യക്ഷമമായ ഇടപെടലുകളും നിയന്ത്രണവും സാധ്യമാകുന്നു.
2. സാമൂഹികപ്രതിബദ്ധത ഉറപ്പുവരുത്തുന്നു.
3. ഇവയിൽ നിന്നുള്ള വരുമാനം സർക്കാർ ഖജനാവിൽ മുതൽ കൂട്ടുന്നു.
4. ബന്ധപ്പെട്ട മന്ത്രാലയത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായതിനാൽ ദേശീയ സുരക്ഷയ്ക്ക് ഏറ്റവും അനുയോജ്യമാണിത്.

### പരിമിതികൾ (Demerits)

വകുപ്പുതല സംരംഭങ്ങളുടെ പോരായ്മകൾ ചുവടെ ചേർക്കുന്നു

1. ബിസിനസിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടവിധത്തിൽ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുന്നില്ല.
2. ബന്ധപ്പെട്ട മന്ത്രാലയത്തിന്റെ മുൻകൂർ അനുമതി അവശ്യമായതിനാൽ തീരുമാനങ്ങളെടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു.
3. ഉദ്യോഗസ്ഥരുടെ അമിത ജാഗ്രതയും യാഥാസ്ഥിതിക സമീപനവും മൂലം പുതിയ ബിസിനസ് അവസരങ്ങൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കാതെ വരുന്നു.
4. ചുവപ്പുനാട സമ്പ്രദായം (Red tapism) ഇവയുടെ ദൈനം ദിന പ്രവർത്തനങ്ങളെ തളർത്തുന്നു.
5. രാഷ്ട്രീയ ഇടപെടലുകൾ ഇത്തരം സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു.
6. ഉപഭോക്താവിന്റെ ആവശ്യങ്ങളോട് അനുഭാവപൂർണമായ സമീപനം സ്വീകരിക്കണമെന്നില്ല.

### 3.3.2 പൊതു കോർപ്പറേഷനുകൾ (Statutory Corporations/Public Corporations)

പാർലമെന്റോ നിയമസഭയോ പാസ്സാക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന സ്വയംഭരണ സ്ഥാപനങ്ങളാണ് പൊതു കോർപ്പറേഷനുകൾ. ഇത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ വകുപ്പുമായുള്ള ബന്ധത്തെയും നടപടിക്രമങ്ങളെയും അധികാരങ്ങളെയും ജീവനക്കാരെയും സംബന്ധിക്കുന്ന കാര്യങ്ങൾ ഇവയുടെ നിയമത്തിൽ വ്യക്തമാക്കിയിരിക്കും.

ഒരു പ്രത്യേകതരം വാണിജ്യ പ്രവർത്തനത്തിലോ മേഖലയിലോ പൂർണ നിയന്ത്രണമുള്ള, നിയമനിർമ്മാണസഭയിലൂടെ സൃഷ്ടിക്കപ്പെട്ട, വ്യക്തമായ അധികാരങ്ങളും ചുമതലകളും സാമ്പത്തിക സ്വാതന്ത്ര്യവുമുള്ള നിയമപരമായ സമിതിയാണ് പൊതു കോർപ്പറേഷനുകൾ. സ്വന്തം നിലയ്ക്ക് പ്രവർത്തിക്കുവാൻ കഴിയുന്ന നിയമ പദവിയുള്ള ഒരു സ്ഥാപനമാണിത്. ആയതിനാൽ ഇവയ്ക്ക് സർക്കാരിന്റെ അധികാരങ്ങളും സ്വകാര്യ സംരംഭങ്ങളുടെ പ്രവർത്തനക്ഷമതയും ഉണ്ടായിരിക്കും. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ (RBI), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBI), എയർ ഇന്ത്യ (Air India), എൽ.ഐ.സി (LIC), കെ.എസ്.ആർ.ടി.സി (KSRTC) തുടങ്ങിയവ പൊതു കോർപ്പറേഷനുകൾക്ക് ഉദാഹരണ ങ്ങളാണ്.

**പ്രത്യേകതകൾ (Features)**

പൊതു കോർപ്പറേഷനുകളുടെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

1. നിയമനിർമ്മാണസഭകളുടെ പ്രത്യേക നിയമത്താൽ രൂപീകരിക്കപ്പെട്ടതാകുന്നു. ഇതിന്റെ ലക്ഷ്യങ്ങളും അധികാരങ്ങളും പ്രസ്തുത നിയമത്തിൽ വ്യക്തമാക്കിയിരിക്കും.
2. ഇവ പൂർണമായും സർക്കാർ ഉടമസ്ഥതയിലാണ്. ഇതിന്റെ സാമ്പത്തിക ഉത്തരവാദിത്വവും ലാഭനഷ്ടങ്ങളും സർക്കാരിൽ നിക്ഷിപ്തമാണ്.
3. പ്രത്യേകം നിയമപരമായ പദവിയുള്ളതിനാൽ സ്വന്തം പേരിൽ കരാറുകളിൽ ഏർപ്പെടാനും സ്വത്ത് സമ്പാദിക്കുവാനും, വ്യവഹാരം നടത്തുവാനും സാധിക്കും.
4. ഇവയ്ക്ക് സാമ്പത്തിക സ്വാതന്ത്ര്യമുള്ളതിനാൽ സ്വന്തം വരുമാനം ഉപയോഗിക്കാൻ സാധിക്കുന്നതിനോടൊപ്പം പൊതുജനങ്ങളിൽ നിന്നോ സർക്കാരിൽ നിന്നോ വായ്പയും സ്വീകരിക്കാം.
5. സർക്കാരിന്റെ അക്കൗണ്ടിംഗിനോ പരിശോധനാ നിയമങ്ങൾക്കോ വിധേയമല്ല. കേന്ദ്ര ബജറ്റുമായും ഇതിന് ബന്ധമില്ല.
6. ഇതിലെ ജീവനക്കാർ സർക്കാർ ജീവനക്കാർ അല്ലാത്തതിനാൽ അവരുടെ നിയമനവും സേവനരീതികളും കോർപ്പറേഷന്റെ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് മാത്രമായിരിക്കും. എന്നാൽ സർക്കാർ വകുപ്പുകളിൽ നിന്ന് ജീവനക്കാരെ ഇവിടേക്ക് നിയുക്ത നിയമനാടിസ്ഥാനത്തിൽ (deputation) ഉൾപ്പെടുത്താറുണ്ട്.

**ഗുണങ്ങൾ (Merits)**

പൊതു കോർപ്പറേഷനുകളുടെ ഗുണങ്ങൾ താഴെ പറയുന്നവയാണ്.

1. വളരെയധികം പ്രവർത്തനസ്വാതന്ത്ര്യം ഉള്ളതിനാൽ സർക്കാരിന്റെ അനാവശ്യമായ നിയന്ത്രണങ്ങളും നടപടിക്രമങ്ങളും ഇവയെ ബാധിക്കാറില്ല.
2. ഇവയുടെ സാമ്പത്തികസ്രോതസ്സ് സർക്കാരിന്റെ ബജറ്റിൽ നിന്ന് അല്ലാത്തതിനാൽ സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന്റെ ഇടപെടലുകൾ ഉണ്ടാകാറില്ല.
3. സ്വയംഭരണ സ്ഥാപനമായതിനാൽ നിയമ പരിധിക്കുള്ളിൽ നിന്നുകൊണ്ട് നയങ്ങളും നടപടിക്രമങ്ങളും സ്വമേധയാ രൂപീകരിക്കാൻ കഴിയുന്നു.
4. സർക്കാർ സ്ഥാപനങ്ങളുടെ പദവിയും സ്വകാര്യ സംരംഭങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യവും ഉള്ളതിനാൽ ഇവയ്ക്ക് ഉയർന്ന കാര്യക്ഷമതയോടെ പ്രവർത്തിക്കാൻ കഴിയും.

### പരിമിതികൾ (Demerits)

പൊതു കോർപ്പറേഷനുകളുടെ ദോഷങ്ങൾ താഴെപ്പറയുന്നവയാണ്.

1. പൊതു കോർപ്പറേഷനുകളുടെ പ്രവർത്തനം അനേകം നിയമങ്ങളുടെയും നടപടി ക്രമങ്ങളുടെയും അടിസ്ഥാനത്തിലായതിനാൽ ഇവയ്ക്ക് പരിമിതമായ പ്രവർത്തന സ്വാതന്ത്ര്യം മാത്രമേയുള്ളൂ.
2. സർക്കാരിന്റെയും രാഷ്ട്രീയക്കാരുടെയും ഇടപെടലുകൾ പ്രധാന തീരുമാനങ്ങൾ എടുക്കുന്നതിൽ തടസ്സമായി നിൽക്കുന്നു.
3. പൊതുജനങ്ങളുമായി ഇടപെടുന്ന മേഖലയായതിനാൽ വ്യാപകമായ അഴിമതിക്ക് ഇടവരുത്തുന്നു.
4. സർക്കാർ നിയമിച്ച ഉപദേശകസമിതി പൊതു കോർപ്പറേഷനുകളിൽ പ്രവർത്തിക്കുന്നതിനാൽ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ഇവയുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നു. അഭിപ്രായ വ്യത്യാസമുണ്ടായാൽ അന്തിമ തീരുമാനത്തിനായി സർക്കാർ ഉപദേശത്തിനായി കാത്തിരിക്കേണ്ടി വരുന്നു.

### 3.3.3 സർക്കാർ കമ്പനികൾ (Government Companies)

ഇന്ത്യൻ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് ആരംഭിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളാണ് സർക്കാർ കമ്പനികൾ. പൂർണമായും വ്യാപാരത്തിന് വേണ്ടിയും സ്വകാര്യമേഖലയിലെ കമ്പനികളുമായി മത്സരിക്കുന്നതിന് വേണ്ടിയുമാണ് സർക്കാർ കമ്പനികൾ ആരംഭിച്ചിട്ടുള്ളത്. ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് ലിമിറ്റഡ് (HMTL), ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (IOC), സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (SAIL) തുടങ്ങിയവ സർക്കാർ കമ്പനികൾക്ക് ഉദാഹരണങ്ങളാണ്.

ഇന്ത്യൻ കമ്പനി നിയമത്തിന്റെ ഭാഗം 2 (45) അനുസരിച്ച് ഒരു കമ്പനിയുടെ 51 ശതമാനത്തിൽ കുറയാത്ത അടച്ചുതീർത്ത ഓഹരി മൂലധനം കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ ഭാഗികമായി കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും അതുമല്ലെങ്കിൽ ഒന്നിൽ കൂടുതൽ സംസ്ഥാന സർക്കാരുകൾ ഒരുമിച്ചോ കൈവശം വച്ചിരിക്കുന്നുവെങ്കിൽ അവയെ സർക്കാർ കമ്പനി എന്നു വിളിക്കുന്നു. ഒരു സർക്കാർ കമ്പനിയുടെ അനുബന്ധ കമ്പനിയും ഈ ഗണത്തിൽപ്പെടുന്നു. കമ്പനി നിയമത്തിലെ എല്ലാ വ്യവസ്ഥകളും സർക്കാർ കമ്പനികൾക്കും ബാധകമാണ്. സർക്കാർ കമ്പനി പൊതുകമ്പനിയായോ സ്വകാര്യ കമ്പനിയായോ രൂപീകരിക്കാം. ഇത്തരം കമ്പനികളിലെ ഡയറക്ടർമാരുടെയും മറ്റ് ഭരണനിർവാഹകരുടെയും നിയമനം, വിരമിക്കൽ എന്നിവ ചില വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും.

ഇത്തരം കമ്പനികളിലെ അടച്ചു തീർത്ത ഓഹരി മൂലധനത്തിന്റെ നിയന്ത്രണം സർക്കാരിന് ആയിരിക്കും. കമ്പനിയുടെ ഓഹരികൾ ഇന്ത്യൻ രാഷ്ട്രപതിയുടെ പേരിലാണ് വാങ്ങുക. ഇതിന്റെ പ്രധാന ഓഹരിയുടമയും ഭരണ നിയന്ത്രണവും സർക്കാരിൽ തന്നെ ആയതിനാൽ ഇവ സർക്കാർ കമ്പനികൾ എന്ന് അറിയപ്പെടുന്നു.

### പ്രത്യേകതകൾ (Features)

സർക്കാർ കമ്പനികളുടെ പ്രത്യേകതകൾ താഴെപ്പറയുന്നവയാണ്.

(i) 1956 ലെയൊ 2013 ലെയൊ കമ്പനി നിയമങ്ങൾ അനുസരിച്ചാണ് ഇത് രൂപീകരിച്ചിരിക്കുന്നത്.

(ii) ഇവയ്ക്ക് സ്വന്തമായ അസ്തിത്വമുള്ളതിനാൽ സ്വന്തം നിലയ്ക്ക് കരാറുകളിൽ ഏർപ്പെടാനും സ്വത്തുക്കൾ സമ്പാദിക്കുവാനും സാധിക്കും .

(iii) കമ്പനിക്ക് സ്വന്തം നിലയ്ക്ക് വ്യവഹാരം ചെയ്യാനും വ്യവഹാരപ്പെടുവാനും സാധിക്കും.

(iv) ഇവയുടെ മാനേജ്മെന്റ് മറ്റ് ഏത് പൊതു ക്ലിപ്ത കമ്പനികളേയും പോലെ കമ്പനി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചായിരിക്കും.

(v) കമ്പനിയുടെ ലക്ഷ്യങ്ങളും നിയമങ്ങളും ചട്ടങ്ങളും പ്രതിപാദിക്കുന്ന മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും ഇവയുടെ പ്രധാന രേഖകളാണ്. ഈ രേഖകളിൽ പ്രതിപാദിച്ചിട്ടുള്ള നിയമങ്ങൾക്കും നടപടിക്രമങ്ങൾക്കുമനുസരിച്ചാണ് ഇവയുടെ ജീവനക്കാരെ നിയമിക്കുന്നത്.

(vi) സർക്കാർ വകുപ്പുകൾക്ക് ബാധകമായ അക്കൗണ്ടിംഗ് പരിശോധനാ നടപടി ക്രമങ്ങൾ ഇവയ്ക്ക് ബാധകമല്ല. സർക്കാർ ഇവയ്ക്കായി പ്രത്യേകം പരിശോധകനെ നിയമിക്കുകയും വാർഷിക കണക്ക് വിവരങ്ങൾ നിയമ നിർമ്മാണസഭക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

(vii) സർക്കാർ കമ്പനികളുടെ മൂലധനം സ്വകാര്യ വ്യക്തികളിൽ നിന്നും സർക്കാരിൽനിന്നുമാണ് സ്വരൂപിക്കപ്പെടുന്നത്. അതുപോലെ തന്നെ ഇവയ്ക്ക് ധനകാര്യ വിപണിയിൽ നിന്ന് മൂലധനം കണ്ടെത്താവുന്നതാണ്.

## നേട്ടങ്ങൾ (Merits)

സർക്കാർ കമ്പനികളുടെ നേട്ടങ്ങൾ താഴെ പറയുന്നു.

(i) എളുപ്പത്തിൽ രൂപീകരിക്കാൻ സാധിക്കുന്നു. കാരണം പാർലമെന്റിൽ പ്രത്യേക നിയമം പാസാക്കേണ്ടതില്ല.

(ii) സർക്കാരിൽ നിന്ന് വ്യത്യസ്തമായി ഇവയ്ക്ക് സ്വന്തമായ അസ്തിത്വമുണ്ട്.

(iii) ഭരണകാര്യങ്ങളിൽ ദീർഘവീക്ഷണത്തോടെ തീരുമാനങ്ങൾ എടുക്കുവാനും അവ വേഗത്തിൽ നടപ്പിലാക്കുവാനും കഴിയുന്നു.

(iv) സാധനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ നൽകുന്നതിനാൽ ഇവയ്ക്ക് വിപണിയെ നിയന്ത്രിക്കുവാനും അനാരോഗ്യ ബിസിനസ് സമ്പ്രദായങ്ങളെ ഒഴിവാക്കാനും സാധിക്കുന്നു.

## ദോഷങ്ങൾ (Limitations)

സർക്കാർ കമ്പനികളുടെ ദോഷങ്ങൾ ചുവടെ ചേർക്കുന്നു.

(i) സർക്കാർ കമ്പനികളുടെ ഓഹരിയുടമകൾ സർക്കാർ മാത്രമായതിനാൽ കമ്പനി നിയമത്തിലെ വ്യവസ്ഥകൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല.

(ii) ഇവയുടെ സാമ്പത്തിക സഹായം സർക്കാർ ഖജനാവിൽ നിന്നാണെങ്കിലും പാർലമെന്റിനോട് നേരിട്ട് ഉത്തരം പറയേണ്ടതില്ല. അതിനാൽ ഭരണഘടനാപരമായ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നു.

(iii) കമ്പനിയുടെ നിയന്ത്രണവും നടത്തിപ്പും പൂർണമായി സർക്കാരിൽ നിക്ഷിപ്തമായതിനാൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത സർക്കാർ കമ്പനിയുടെ പ്രധാന ഉദ്ദേശ്യത്തെ പരിഗണിക്കുന്നില്ല .

## 3.4 പൊതുമേഖലയുടെ മാറിക്കൊണ്ടിരിക്കുന്ന പങ്ക് (Changing Role of Public Sector)

പൊതുമേഖല സ്ഥാപനങ്ങൾക്ക് നേരിട്ട് ബിസിനസ്സ് പ്രവർത്തനങ്ങളിലേർപ്പെട്ടു കൊണ്ടോ അല്ലെങ്കിൽ അതിന് സഹായകരമായ ക്രമീകരണങ്ങൾ നൽകിക്കൊണ്ടോ ഇന്ത്യൻ സമ്പദ്ഘടനയുടെ ചില ലക്ഷ്യങ്ങൾ നേടുന്നതിൽ നിർണ്ണായകമായ സ്ഥാനം വഹിക്കാൻ കഴിയും എന്ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയ സമയത്ത് പ്രതീക്ഷിച്ചിരുന്നു. പൊതുമേഖല, തന്ത്രപ്രധാന മേഖലകളിൽ നിക്ഷേപിക്കുകയും മറ്റു മേഖലകൾക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെടുകയും ചെയ്തു. ദീർഘകാല കാത്തിരിപ്പും കൂടുതൽ

മുതൽമുടക്കും വേണ്ടി വരുന്ന പദ്ധതികളിൽ നിക്ഷേപം നടത്തുവാൻ സ്വകാര്യമേഖല വിമുഖത കാട്ടിയിരുന്നു. ആയതിനാൽ ഇത്തരം അടിസ്ഥാന സൗകര്യ വികസനത്തിലും സമ്പദ് ഘടനയ്ക്ക് വേണ്ട അവശ്യ സാധനങ്ങളും സേവനങ്ങളും നൽകുന്നതിനും വേണ്ട കാര്യങ്ങൾ സർക്കാർ സ്വയം ഏറ്റെടുക്കുകയാണുണ്ടായത്.

ഇന്ത്യൻ സമ്പദ്ഘടന മാറ്റത്തിന്റെ പാതയിലാണ്. പൊതുമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നവയായിരുന്നു ആദ്യകാല പഞ്ചവൽസര പദ്ധതികൾ. എന്നാൽ 90 കളിലെ പുത്തൻ സാമ്പത്തിക നയത്തിലൂടെ ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവക്ക് തുടക്കം കുറിച്ചു. ഇതിലൂടെ പൊതുമേഖലയുടെ സ്ഥാനം പുനർനിർവചിക്കപ്പെട്ടു. പൊതുമേഖല അതേ വ്യവസായത്തിലെ സ്വകാര്യ മേഖലാ സംരംഭങ്ങളുമായി മത്സരത്തിലേർപ്പെട്ടുകൊണ്ട് കൂടുതൽ സജീവമാകുവാൻ ശ്രമിച്ചതിനാൽ ഇവയ്ക്ക് അവയുടെ ലാഭനഷ്ടങ്ങളിലും നിക്ഷേപപ്രതിഫലത്തിന്റെ കാര്യത്തിലും ഉത്തരവാദിത്വമുണ്ട്.

ഒരു പൊതുമേഖലാ സ്ഥാപനം തുടർച്ചയായി നഷ്ടത്തിലായാൽ അത്തരം സ്ഥാപനങ്ങളുടെ പുനർനിർമ്മാണത്തിനായി അല്ലെങ്കിൽ അടച്ചുപൂട്ടുന്നതിന് വേണ്ടി വ്യാവസായിക ധനകാര്യ പുനർനിർമ്മാണ സമിതിയെ (Board for Industrial and Financial Reconstruction (BIFR)) ചുമതലപ്പെടുത്തുന്നു. കാര്യക്ഷമമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും അവയുടെ ഭരണനിർവഹണവും ലാഭക്ഷമതയും എങ്ങനെ മെച്ചപ്പെടുത്താമെന്ന് പരിശോധിക്കുന്നതിനും വേണ്ടി പലതരം സമിതികളെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ തീർച്ചയായും നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥാനം അറുപതുകളിലും എഴുപതുകളിലും വിഭാവനം ചെയ്തതുപോലെയല്ല എന്ന് കാണാം. ഇതിനുള്ള കാരണങ്ങൾ പലതാണ്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

### (i) അടിസ്ഥാന സൗകര്യങ്ങളുടെ വികസനം (Development of Infrastructure)

രാജ്യത്തിന്റെ പുരോഗതിക്ക് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഏറ്റവും അത്യന്താപേക്ഷിതമാണ്. സ്വാതന്ത്ര്യത്തിന് മുൻപുള്ള കാലയളവിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികാസം ഇല്ലാതിരുന്നതിനാൽ വ്യവസായവൽക്കരണം മന്ദഗതിയിലായിരുന്നു. മതിയായ വാർത്താവിനിമയ സംവിധാനങ്ങൾ, ഇന്ധനം, ഊർജം, മറ്റ് അടിസ്ഥാനവ്യവസായങ്ങൾ എന്നിവയുടെ അഭാവത്തിൽ ശരിയായ വ്യവസായവൽക്കരണ പ്രക്രിയ സാധ്യമായിരുന്നില്ല. അടിസ്ഥാന വ്യവസായങ്ങളുടെ വികാസത്തിനും അവയിൽ നിക്ഷേപം നടത്തുന്നതിനും സ്വകാര്യമേഖല മുൻകൈയെടുത്തിരുന്നില്ല. മാത്രവുമല്ല ഇവ ആരംഭിക്കുവാൻ വേണ്ട വിദഗ്ധ പരിശീലനം ലഭിച്ച ജീവനക്കാരോ മതിയായ സാമ്പത്തികശേഷിയോ അവർക്ക് ഇല്ലായിരുന്നു.

സർക്കാരിനു മാത്രമേ വലിയ മൂലധനം സ്വരൂപിക്കുന്നതിനും വ്യാവസായിക നിർമ്മാണം ഏകോപിപ്പിക്കുന്നതിനും സാങ്കേതിക വിദഗ്ധർക്കും മറ്റ് തൊഴിലാളികൾക്കും വേണ്ട പരിശീലനം നൽകുന്നതിനും സാധിച്ചിരുന്നുള്ളൂ. റെയിൽ, റോഡ്, വ്യോമ ഗതാഗത സംവിധാനങ്ങളുടെ പ്രവർത്തനം സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ ആയിരുന്നതിനാൽ വ്യാവസായികവൽക്കരണത്തിന്റെ ആക്കം വർധിക്കുകയും അതിലൂടെ ഭാവിയിലെ സാമ്പത്തിക വളർച്ച ഉറപ്പാക്കുകയും ചെയ്തു. അതേസമയം ചില മണ്ഡലങ്ങളിൽ മാത്രമേ പൊതുമേഖല പ്രവർത്തിച്ചിരുന്നുള്ളൂ. എന്നാൽ ചുവടെ സൂചിപ്പിക്കുന്ന ചില മേഖലകളിൽ കൂടി സർക്കാർ നിക്ഷേപം ഉണ്ടാകേണ്ടതുണ്ട്.

(a) വലിയ മുതൽമുടക്കും ഉയർന്ന സാങ്കേതികവിദ്യയും വലിയ സംഘടനാസംവി

ധാനവും ആവശ്യമായ സംരംഭങ്ങളായ സ്റ്റീൽ പ്ലാന്റ്, വൈദ്യുത ഉൽപ്പാദന പ്ലാന്റ്, വ്യോമയാനം, റെയിൽവേ, കൽക്കരി മുതലായവ.

(b) സ്വകാര്യമേഖലയുടെ പ്രവർത്തനം കൃത്യമായ രീതിയിലില്ലാത്ത മേഖലകളായ പെട്രോകെമിക്കൽസ്, രാസവളങ്ങൾ, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയവ.

(c) ഹോട്ടൽ, കൺസൾട്ടൻസീസ്, വസ്ത്ര നിർമ്മാണം, വാഹന നിർമ്മാണം തുടങ്ങിയ സംരംഭങ്ങൾ.

### (ii) പ്രാദേശിക സന്തുലനം (Regional Balance)

രാജ്യത്തെ വിവിധ പ്രദേശങ്ങൾ തമ്മിലുള്ള സാമ്പത്തിക അസന്തുലിതാവസ്ഥ പരിഹരിക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. സ്വാതന്ത്ര്യത്തിന് മുമ്പുള്ള വ്യാവസായിക വികസനം പ്രധാനമായും നഗര കേന്ദ്രീകൃതമായിരുന്നു. എന്നാൽ 1951 നു ശേഷം ഉണ്ടായ പഞ്ചവത്സര പദ്ധതികളിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് പ്രാധാന്യം നൽകി പൊതു മേഖലാ വ്യവസായങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായിട്ടാണ് രാജ്യത്തെ പ്രധാനപ്പെട്ട 4 സ്റ്റീൽ പ്ലാന്റുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ സ്ഥാപിക്കുകയും അതുവഴി അവിടങ്ങളിലെ സാമ്പത്തികവളർച്ച മെച്ചപ്പെടുത്താനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അനുബന്ധ വ്യവസായങ്ങളുടെ വളർച്ച സാധ്യമാക്കാനും കഴിഞ്ഞത്. രാജ്യത്തെ പ്രാദേശിക സന്തുലനം ഉറപ്പാക്കുന്നതിന് പിന്നോക്ക പ്രദേശങ്ങളുടെ വികസനം ആസൂത്രിതമായ വികസനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാക്കേണ്ടതാണ്. ആയതിനാൽ സർക്കാർ പുതിയ സംരംഭങ്ങൾ പിന്നോക്ക പ്രദേശങ്ങളിൽ ആരംഭിക്കുകയും അതേസമയം വികസിത പ്രദേശങ്ങളിലുള്ള സ്വകാര്യ സംരംഭങ്ങളുടെ പെട്ടെന്നുള്ള വളർച്ചയെ നിയന്ത്രിക്കുകയും ചെയ്താൽ പ്രാദേശിക സന്തുലനം സാധ്യമാക്കി തീർക്കാം .

### (iii) വൻതോതിലുള്ള ഉൽപ്പാദനത്തിന്റെ നേട്ടങ്ങൾ (Economies of Scale)

സമ്പദ്ഘടനയുടെ പുരോഗതിക്ക് ഉയർന്ന മൂലധനനിക്ഷേപമാവശ്യമായ വൻകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഇവയുടെ പ്രയോജനം നേടാൻ പൊതു മേഖലാസ്ഥാപനങ്ങൾക്ക് കഴിഞ്ഞു. ഇലക്ട്രിക് പവർ പ്ലാന്റ്, പ്രകൃതിവാതകം, പെട്രോളിയം, ടെലിഫോൺ വ്യവസായം തുടങ്ങിയ വൻകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ സർക്കാർ വിഭവങ്ങളിലൂടെ മാത്രമേ സാധിക്കൂ എന്നതിനാൽ ഇവ പൊതുമേഖലാ സ്ഥാപനങ്ങളായി രൂപീകരിക്കേണ്ടതാണ്.

### (iv) സമ്പത്തിന്റെ കേന്ദ്രീകരണത്തെ നിയന്ത്രിക്കുന്നു (Check over Concentration of Economic power)

പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയുടെ മേൽ ഒരു നിയന്ത്രണമായി പ്രവർത്തിക്കുന്നു. വൻകിട വ്യവസായ മേഖലയിൽ മുതൽമുടക്കാൻ സ്വകാര്യ മേഖലയിൽ നിന്ന് കുറച്ചു പേർ മാത്രമേ താൽപ്പര്യം കാണിക്കുന്നുള്ളൂ. ഇതിന്റെ ഫലമായി ചിലരുടെ കൈകളിൽ മാത്രമായി സമ്പത്ത് കുമിഞ്ഞുകൂടുകയും അത് കുത്തകവൽക്കരണത്തിന് കാരണമാവുകയും ചെയ്യുന്നു. ഇത് സമൂഹത്തിന് ദോഷകരമായ വരുമാനത്തിന്റെ അസന്തുലിതാവസ്ഥയ്ക്ക് കാരണമാകുന്നു. എന്നാൽ പൊതുമേഖല വൻകിട വ്യവസായങ്ങളിൽ നിക്ഷേപം നടത്തുന്നത് വഴി ലഭിക്കുന്ന അധിക ലാഭം തൊഴിലാളികൾക്കും മറ്റുമായി വീതം വെച്ച് നൽകുന്നു. ഇത് സ്വകാര്യമേഖലയിൽ സമ്പത്ത് കുമിഞ്ഞുകൂടുന്നത് നിയന്ത്രിക്കുന്നു.

### (v) ഇറക്കുമതിക്ക് പകരം വയ്ക്കൽ (Import Substitution)

രാജ്യം സ്വയംപര്യാപ്തതയിൽ എത്തിച്ചേരുക എന്നത് രണ്ടാമത്തെയും മൂന്നാമത്തെയും പഞ്ചവത്സര പദ്ധതികളുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമായിരുന്നു. വിദേശ നാണ്യ ലഭ്യത ഒരു പ്രശ്നമായിരുന്നതിനാൽ ശക്തമായ വ്യവസായ അടിത്തറ കെട്ടിപ്പടുക്കുവാൻ ആവശ്യമായ യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിന് തടസമായിരുന്നു. അതിനാൽ ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന സാധനങ്ങൾക്ക് പകരം സാമഗ്രികൾ പൊതുമേഖല സ്ഥാപനങ്ങളിലൂടെ ഉൽപാദിപ്പിക്കുകയും ഇതിലൂടെ സ്വയം പര്യാപ്തത നേടുന്നതോടൊപ്പം തന്നെ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിലൂടെ വിദേശ നാണ്യം നേടുവാനും സാധിക്കുന്നു.

### (vi) 1991 മുതലുള്ള സർക്കാരിന്റെ പൊതുമേഖലാ നയം (Government Policy towards Public Sector since 1991)

1991 ലെ പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ഭാരതസർക്കാർ നാല് പരിഷ്കാരങ്ങൾ നടപ്പിലാക്കുകയുണ്ടായി.

(i) ഭാവിയിൽ വളർച്ചാ സാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുക.

(ii) പുനരുജ്ജീവിപ്പിക്കാൻ സാധ്യതയില്ലാത്ത പൊതുമേഖലാ സംരംഭങ്ങൾ അടച്ചുപൂട്ടുക.

(iii) തന്ത്രപ്രധാനമല്ലാത്ത (Non-strategic) പൊതുമേഖലാ സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി വിഹിതം 26 ശതമാനത്തിൽ താഴെയായി പരിമിതപ്പെടുത്തുക.

(iv) ജീവനക്കാരുടെ താൽപര്യങ്ങളെ പൂർണമായും സംരക്ഷിക്കുക.

### (a) പൊതു മേഖലയ്ക്കായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള വ്യവസായങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുന്നു. (Reduction in the number of industries reserved for Public Sector)

1956 ലെ വ്യവസായ നയപ്രമേയത്തിൽ 17 വ്യവസായങ്ങൾ പൊതുമേഖലയ്ക്കായി മാറ്റിവച്ചിരുന്നു. 1991 ൽ ഇതിന്റെ എണ്ണം എട്ടായി ചുരുക്കി. എന്നാൽ 2001 ആയപ്പോഴേക്കും ആണവോർജ്ജം, റെയിൽവേ, ആയുധ നിർമ്മാണം എന്നീ മൂന്ന് മേഖലകളിൽ മാത്രമായി ആ മാറ്റിവയ്ക്കൽ ചുരുക്കി. സ്വകാര്യമേഖലയ്ക്ക് ബാക്കി എല്ലാ മേഖലകളിലേക്കും കടക്കുവാൻ സാധിക്കുക വഴി പൊതുമേഖലയ്ക്ക് അവരുമായി ശക്തമായി മത്സരിക്കേണ്ടി വന്നു.

സമ്പദ്‌വ്യവസ്ഥയുടെ വികാസത്തിൽ പൊതുമേഖല സുപ്രധാന പങ്കുവഹിക്കുന്നു. അതുപോലെതന്നെ രാജ്യനിർമ്മാണ പ്രക്രിയയിൽ ഗണ്യമായ സംഭാവന നൽകുവാൻ സ്വകാര്യമേഖലക്കും കഴിയുന്നു. അതിനാൽ പൊതുമേഖലയും സ്വകാര്യമേഖലയും ദേശീയ വികസനത്തിന്റെ പരസ്പരപൂരക ഘടകങ്ങളായി കാണുവാൻ സാധിക്കും. എന്നാൽ ഇതിനായി സ്വകാര്യമേഖലാസംരംഭങ്ങൾ കൂടുതൽ പൊതു ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതേസമയം തന്നെ ഉയർന്ന മത്സരസ്വഭാവമുള്ള വിപണിയിൽ നിന്ന് കൂടുതൽ ഉയരങ്ങൾ നേടുവാൻ പൊതുമേഖലയും ശ്രദ്ധിക്കേണ്ടതുണ്ട്.

### (b) തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ. (Disinvestment of Shares of a Select Set of Public Sector Enterprises)

സ്വകാര്യമേഖലയ്ക്കോ പൊതുജനങ്ങൾക്കോ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കുന്നതിനെയാണ് ഓഹരി വിറ്റഴി

ക്കൽ (Disinvestment) എന്ന് പറയുന്നത്. പൊതുജനങ്ങളുടെയും തൊഴിലാളികളുടെയും പങ്കാളിത്തം ഇത്തരം സ്ഥാപനങ്ങളിൽ ഉറപ്പാക്കി മൂലധനം സമാഹരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. വ്യവസായ മേഖലയിൽ നിന്ന് പിൻവലിയുവാനും എല്ലാ സംരംഭങ്ങളിലെയും ഓഹരി പങ്കാളിത്തം കുറയ്ക്കാനും സർക്കാർ തീരുമാനിച്ചു. ഇതിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണപരമായ ശേഷിയും സാമ്പത്തിക അച്ചടക്കവും വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഈ മേഖലയിൽ ഇനിയും കൂടുതൽ കാര്യങ്ങൾ മുന്നോട്ട് പോകാനുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണത്തിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- തന്ത്രപ്രധാനമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന വിപുലമായ സമ്പത്ത് സാമൂഹിക ക്ഷേമപ്രവർത്തനങ്ങളായ പ്രാഥമിക ആരോഗ്യം, കുടുംബ ക്ഷേമം, പ്രാഥമിക വിദ്യാഭ്യാസം തുടങ്ങിയ മേഖലകൾക്ക് ഉപയോഗപ്പെടുത്തുക.
- പൊതുകടത്തിന്റെയും പലിശയുടെയും ഭാരം കുറയ്ക്കുക.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടസാധ്യത സ്വകാര്യമേഖലയ്ക്ക് കൈമാറുകയും മൂലധനക്ഷമതയുള്ള പദ്ധതികളിൽ നിക്ഷേപിക്കുകയും ചെയ്യുക.
- സർക്കാർ നിയന്ത്രണം കുറച്ച് കോർപറേറ്റ് ഭരണനിർവഹണം നടപ്പിലാക്കുക.
- പൊതുമേഖലയുടെ കുത്തക കുറച്ച് ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള സാധനങ്ങളും സേവനങ്ങളും കുറഞ്ഞ വിലയ്ക്ക് തിരഞ്ഞെടുക്കുന്നതിനുള്ള അവസരം നൽകുക.

### (c) നഷ്ടത്തിലായ സംരംഭങ്ങളെ സ്വകാര്യ മേഖലയ്ക്ക് തുല്യമായി കരുതുക (Policy regarding sick unit to be the same as that for the private sector)

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അടച്ചുപൂട്ടണോ പുനരുദ്ധരിക്കണോ എന്ന കാര്യം തീരുമാനിക്കുന്നതിനായി വ്യാവസായിക ധനകാര്യ പുനർനിർമ്മാണ ബോർഡിന്റെ (Board for Industrial and Financial Reconstruction) പരിഗണനയ്ക്ക് വിടുന്നു. ബോർഡ് അവയിൽ ചിലതിന് വേണ്ട പുനരുദ്ധാരണ, പുനരധിവാസ വ്യവസ്ഥകൾ പുനഃപരിശോധിക്കുകയും മറ്റു ചിലവ അടച്ചുപൂട്ടാൻ നിർദേശിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ അടച്ചു പൂട്ടാൻ നിർദേശിക്കപ്പെട്ട സ്ഥാപനങ്ങളിലെ തൊഴിലാളികൾ ഇതിനെതിരെ ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചു. അടച്ചുപൂട്ടപ്പെടുന്ന സ്ഥാപനത്തിലെ തൊഴിലാളികളെ പുതിയ ജോലിക്ക് നിയോഗിക്കുക, സ്വയം വിരമിക്കുന്നവർക്കും ഒഴിവാക്കപ്പെടുന്നവർക്കും വേണ്ട ധനസഹായം നൽകുക തുടങ്ങിയ ആവശ്യങ്ങൾക്കായി സർക്കാർ ഒരു ദേശീയ നവീകരണ നിധി (National Renewal Fund) രൂപീകരിച്ചു.

കുന്നുകൂടിയ നഷ്ടം വളരെ കൂടുതലായതിനാൽ പുനരുദ്ധാരണ ശേഷിയില്ലാത്ത അനേകം പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്. ഇത്തരം സ്ഥാപനങ്ങളെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് പൊതുഖജനാവിലെ പണം ഉപയോഗിച്ച് കൂടുതൽ കാലം നിലനിർത്തുവാൻ സാധിക്കുകയില്ല. ആയതിനാൽ അവിടങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ സുരക്ഷാവലയം ഒരുക്കിക്കൊണ്ട് ഇവയെ അടച്ചുപൂട്ടുക മാത്രമാണ് സർക്കാരുകൾക്ക് മുന്നിലുള്ള ഏക മാർഗ്ഗം. എന്നാൽ ദേശീയ നവീകരണ നിധി ഇത്തരത്തിൽ ഒഴിവാക്കപ്പെടുന്ന അല്ലെങ്കിൽ സ്വയം വിരമിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പര്യാപ്തമല്ല എന്നതാണ് സത്യം.

### d) ധാരണാപത്രം ഉണ്ടാക്കുക (Memorandum of Understanding ( MoU))

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി മാനേജ്മെന്റിന് കൂടുതൽ അധികാരങ്ങൾ നൽകികൊണ്ട് സർക്കാരുമായി ധാരണാപത്രം ഉണ്ടാക്കുന്നു. ഇതനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പൂർത്തീകരിക്കേണ്ട ലക്ഷ്യങ്ങളും അവ പൂർത്തീകരിക്കാനാവശ്യമായ പ്രവർത്തന സ്വാതന്ത്ര്യവും നൽകുന്നു. ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനവും അവരുടെ ഭരണ മന്ത്രാലയവും തമ്മിൽ അവരുടെ ബന്ധങ്ങളും അധികാരങ്ങളും വ്യക്തമാക്കിക്കൊണ്ടാണ് ധാരണാപത്രം ഉണ്ടാക്കുന്നത്.

## 3.5 ആഗോള സംരംഭങ്ങൾ (Global Enterprises)

നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം ഉപയോഗിക്കാറുള്ള പല ഉൽപ്പന്നങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ലഭിക്കുന്നവയാണ്. അതായത് അവയൊക്കെത്തന്നെ ഏതെങ്കിലും ആഗോള കമ്പനികളുടെ നിർമ്മിതിയിൽ ഉള്ളവയാണ്. കഴിഞ്ഞ 20 വർഷത്തിനിടയിൽ ആഗോള കമ്പനികൾ ഇന്ത്യൻ സമ്പദ്ഘടനയിൽ നിർണ്ണായകമായ സ്ഥാനം വഹിക്കുന്നുണ്ട്. ഇവ ലോകത്തിലെ എല്ലാ വികസ്വര രാജ്യങ്ങളിലെയും ഒരു പ്രത്യേകതയായി മാറിയിരിക്കുന്നു. ഒന്നിൽ കൂടുതൽ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന വലിയ ബിസിനസ് സ്ഥാപനങ്ങളാണ് ആഗോള സംരംഭങ്ങൾ എന്നറിയപ്പെടുന്നത്. ഭീമമായ വലിപ്പം, ഉൽപ്പന്നങ്ങളുടെ വൈവിധ്യം, നൂതന സാങ്കേതികവിദ്യ, വിപണന തന്ത്രം, ലോകം മുഴുവൻ വ്യാപിച്ച് കിടക്കുന്ന വിതരണ ശൃംഖല എന്നിവയാണ് ഇത്തരം സ്ഥാപനങ്ങളുടെ സവിശേഷതകൾ. ലോകമെമ്പാടുമുള്ള ശാഖകളുടെ ശൃംഖല വഴി അവയുടെ വ്യാവസായിക വിപണന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്ന വൻകിട വ്യവസായ സ്ഥാപനങ്ങളാണ് ആഗോള സംരംഭങ്ങൾ. ഇവയുടെ ശാഖകൾ ഭൂരിപക്ഷ വിദേശ ഉടമസ്ഥതാ സംരംഭങ്ങൾ (Majority Owned Foreign Affiliates [MOFA]) എന്നറിയപ്പെടുന്നു. വ്യത്യസ്ത മേഖലകളിലായി ഒന്നിൽക്കൂടുതൽ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചു കൊണ്ട് വിവിധ രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ബിസിനസ് രീതിയാണ് ഇവയുടേത്. കുറച്ച് ഉൽപ്പന്നങ്ങളിൽ നിന്ന് കൂടുതൽ ലാഭം നേടുക എന്നതിനുപകരം പരമാവധി രാജ്യങ്ങളിൽ പ്രവർത്തനം വ്യാപിപ്പിക്കുക എന്നതാണ് ഇവയുടെ ലക്ഷ്യം. അന്താരാഷ്ട്ര സമ്പദ്ഘടനയിലും ഇവയ്ക്ക് വ്യക്തമായ സ്വാധീനമുണ്ട്. ലോകത്തെ വലിയ 200 ആഗോള സംരംഭങ്ങളുടെ വരുമാനം ലോകത്തെ ആകെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 30 ശതമാനം വരുന്നു എന്നതു തന്നെ ഇതിന്റെ വ്യാപ്തി മനസ്സിലാക്കുവാൻ സഹായിക്കുന്നു. തന്മൂലം ആഗോള സംരംഭങ്ങൾക്ക് അവയുടെ വിപുലമായ മൂലധനവിഭവങ്ങൾ, പ്രശസ്തി, ആധുനിക സാങ്കേതികവിദ്യ എന്നിവയാൽ അന്താരാഷ്ട്ര സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന ശക്തിയാകാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ ഏതുതരം ഉൽപ്പന്നങ്ങളും എവിടെയും വിറ്റഴിക്കാൻ സാധിക്കുന്നു. വികസ്വര രാജ്യങ്ങൾക്ക് എല്ലായ്പ്പോഴും അത്യാവശ്യമില്ലാത്ത ഉപഭോഗവസ്തുക്കളും ആഡംബര വസ്തുക്കളും കൂടുതൽ വിറ്റഴിക്കുന്നതിലൂടെ ഇത്തരം രാജ്യങ്ങളെ ഒരു പരിധിവരെ ആഗോളസംരംഭങ്ങൾ ചൂഷണം ചെയ്യുകയാണ്. സാംസങ്ങ്, ടൊയോട്ട, ഹിന്ദുസ്ഥാൻ ലീവർ, കൊക്കകോള, പെപ്സി തുടങ്ങിയവ ഇന്ത്യയിൽ പ്രവർത്തനമുള്ള ആഗോള സംരംഭങ്ങളാണ്.

### പ്രത്യേകതകൾ (Features)

ആഗോള സംരംഭങ്ങൾക്ക് സ്വകാര്യ, പൊതുമേഖലാ സംരംഭങ്ങൾ എന്നിവയിൽ നിന്ന് വ്യത്യസ്തമായി താഴെപ്പറയുന്ന പ്രത്യേകതകൾ ഉണ്ട്.

### (i) വിപുലമായ മൂലധന വിഭവങ്ങൾ (Huge Capital resources)

വിവിധ മാർഗ്ഗങ്ങളിൽ നിന്ന് വലിയ തോതിൽ മൂലധനം സമാഹരിക്കുവാൻ ഇത്തരം സംരംഭങ്ങൾക്ക് സാധിക്കുന്നു. ഓഹരി വിപണികളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അതോടൊപ്പം അന്തർദേശീയ ബാങ്കുകൾ വഴിയും എളുപ്പത്തിൽ മൂലധനം സമാഹരിക്കാൻ കഴിയുന്നു. ഓഹരി വിപണിയിൽ ഇവയ്ക്ക് ഏറെ വിശ്വാസ്യതയുണ്ട്. ഇവ പ്രവർത്തിക്കുന്ന രാജ്യത്തെ ബാങ്കുകളും മറ്റു നിക്ഷേപകരും ഇത്തരം സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുവാൻ താൽപ്പര്യം കാണിക്കുന്നു. വലിയ സാമ്പത്തിക ഭദ്രതയുള്ളതിനാൽ ഏതു പ്രതിസന്ധികളെയും മറികടക്കാൻ ഇവയ്ക്ക് സാധിക്കുന്നു.

### (ii) വിദേശ സഹകരണം (Foreign Collaboration)

ആഗോള സംരംഭങ്ങളിൽ ഇന്ത്യൻ കമ്പനികളുമായി ഉൽപ്പാദനത്തിനോ, സാങ്കേതിക വിദ്യയുടെ കൈമാറ്റത്തിനോ, ഉൽപ്പന്നത്തിന്റെ ബ്രാൻഡ് പേര് ഉപയോഗിക്കുന്നതിനോ വേണ്ടി ഉടമ്പടിയിൽ ഏർപ്പെടാറുണ്ട്. ഇവ പൊതു മേഖലയിലെയും സ്വകാര്യ മേഖലയിലെയും കമ്പനികളുമായി സഹകരണത്തിൽ ഏർപ്പെടാറുണ്ട്. ഇത്തരം കരാറുകളിൽ സാങ്കേതിക വിദ്യയുടെ കൈമാറൽ, സാധനത്തിന്റെ വില നിർണ്ണയിക്കൽ, ലാഭവിഹിതം നൽകൽ, വിദേശ സാങ്കേതിക വിദഗ്ധരുടെ ഇടപെടൽ തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക നിബന്ധനകൾ ഉണ്ടാകാറുണ്ട്. കൂടുതൽ മേഖലകളിലേക്ക് കടക്കുവാൻ ആഗ്രഹിക്കുന്ന വലിയ വ്യാപാര സ്ഥാപനങ്ങൾക്ക് ആഗോള സംരംഭകരുമായുള്ള സഹകരണം കൂടുതൽ നേട്ടം ഉണ്ടാക്കുന്നു. എന്നാൽ ഇതുവഴി കുത്തകകളുടെ വളർച്ചയ്ക്കും ചുരുക്കം ചിലരുടെ പക്കൽ സമ്പത്ത് കുമിഞ്ഞുകൂടുന്നതിനും സാഹചര്യമുണ്ടാകുന്നു.

### (iii) അത്യാധുനിക സാങ്കേതികവിദ്യ (Advanced Technology)

ആഗോള സംരംഭങ്ങളുടെ ഉൽപ്പാദന പ്രക്രിയയിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനാൽ ലോകോത്തര നിലവാരമുള്ള സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുവാൻ സാധിക്കുന്നു. ഇവ പ്രവർത്തിക്കുന്ന രാജ്യത്തെ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി അവിടുത്തെ വ്യവസായ വളർച്ചയെ സഹായിക്കുന്നു. കമ്പ്യൂട്ടർവൽക്കരണവും മറ്റു കണ്ടുപിടിത്തങ്ങളും ഒക്കെ ആഗോള സംരംഭങ്ങളുടെ സാങ്കേതിക ഉന്നമനത്തിന്റെ ഭാഗമായി ഉണ്ടായവയാണ്.

### (iv) ഉൽപ്പന്ന നവീകരണം (Product Innovation)

ബഹുരാഷ്ട്ര കമ്പനികളിൽ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും നിലവിലുള്ള ഉൽപ്പന്നങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വിപുലമായ ഗവേഷണ വികസന വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഗുണാത്മകമായ ഗവേഷണങ്ങൾക്ക് വലിയ മുതൽമുടക്ക് ആവശ്യമായതിനാൽ ആഗോള സംരംഭകർക്ക് മാത്രമേ അവ സാധ്യമാവുകയുള്ളൂ.

### (v) വിപണന തന്ത്രം (Marketing Strategies)

ബഹുരാഷ്ട്ര കമ്പനികൾ മറ്റ് കമ്പനികളെ അപേക്ഷിച്ച് ചുരുങ്ങിയ കാലയളവിനുള്ളിൽ പരമാവധി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്ന തരത്തിലുള്ള കൃത്യവും ഫലപ്രദവുമായ വിപണന തന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. വിശ്വസനീയവും ആധുനികവുമായ വിപണി വിവര സംവിധാനം ഇവർക്കുണ്ട്. ഇവയുടെ പരസ്യങ്ങളും മറ്റു വിപണന സമ്പ്രദായങ്ങളും കൂടുതൽ ഫലപ്രദമാണ്. ആഗോള വിപണിയിൽ ഇത്തരം സംരംഭങ്ങൾക്ക് ഒരു പ്രത്യേക

സ്ഥാനം ഉള്ളതിനാലും ഉൽപ്പന്നങ്ങൾക്കുള്ള സ്വീകാര്യതയും അവരുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പനയെ സഹായിക്കുന്നു.

### (vi) വിപണിപ്രദേശത്തിന്റെ വിപുലീകരണം (Expansion of market territory)

ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തന മേഖല അവരുടെ മാതൃരാജ്യത്തിന് പുറത്തേക്ക് വ്യാപിച്ചുകിടക്കുന്നു. ബഹുരാഷ്ട്ര കമ്പനികൾ ഒന്നിൽ കൂടുതൽ രാജ്യങ്ങളിലായി പ്രവർത്തിക്കുന്നതിനാൽ ഇവയ്ക്ക് അന്തർദ്ദേശീയ മുദ്രയായി മാറുവാൻ കഴിയുന്നു. ഇവയുടെ ശാഖകൾ, കീഴ്ഘടകങ്ങൾ, പങ്കാളികൾ എന്നിവ വഴിയാണ് ഇവ മറ്റു രാജ്യങ്ങളിൽ പ്രവർത്തിക്കുന്നത്. ഭീമ സ്വരൂപം ഇവയ്ക്ക് വിപണിയിൽ ആധിപത്യം ലഭിക്കാൻ കാരണമാകുന്നു.

### (vii) കേന്ദ്രീകൃത നിയന്ത്രണം (Centralised Control)

ആഗോള സംരംഭങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് അതിന്റെ മാതൃ രാജ്യത്തുള്ള കേന്ദ്ര ഓഫീസ് വഴിയാണ്. കേന്ദ്ര ഓഫീസാണ് നയപരമായ ചട്ടക്കൂടിന് രൂപം നൽകുന്നതെങ്കിലും ശാഖകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ അവർ ഇടപെടാറില്ല.

## 3.6 സംയുക്ത സംരംഭങ്ങൾ (Joint Ventures)

വിവിധ തരം ബിസിനസ് സ്ഥാപനങ്ങളെപ്പറ്റി നാം പരിചയപ്പെട്ടു കഴിഞ്ഞു. അങ്ങനെയുള്ള ഏതൊരു ബിസിനസിനും അവ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മറ്റേതൊരു ബിസിനസുമായും പരസ്പരം നേട്ടങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഒരുമിച്ച് പ്രവർത്തിക്കാൻ സാധിക്കും. അങ്ങനെ പരസ്പര ലാഭത്തിനും പൊതുവായ ലക്ഷ്യത്തിനും വേണ്ടി രണ്ടോ അതിലധികമോ ബിസിനസ് സംരംഭങ്ങൾ ഒരുമിച്ച് ചേരുന്നതാണ് സംയുക്ത സംരംഭം. ഇവ സ്വകാര്യമേഖലയിലുള്ളതോ, പൊതുമേഖലയിലുള്ളതോ, വിദേശ കമ്പനികളോ ആകാം. ഏതു തരത്തിലുള്ള ബിസിനസുകൾക്കും ദീർഘകാലത്തെയോ ഹ്രസ്വകാലത്തെയോ പദ്ധതികൾക്ക് വേണ്ടി സംയുക്ത സംരംഭം ആരംഭിക്കാം. സംയുക്ത സംരംഭത്തിലെ കക്ഷികളുടെ രീതിക്കനുസരിച്ച് ഇവയിൽ മാറ്റം സാധ്യമാണെങ്കിലും ഭാവിയിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ഇതിലെ അംഗങ്ങൾ തമ്മിൽ സംയുക്ത സംരംഭ കരാർ ഉണ്ടാക്കാറുണ്ട്.

വ്യത്യസ്ത രാജ്യങ്ങളിലെ രണ്ട് ബിസിനസുകൾ തമ്മിൽ സംയുക്ത സംരംഭം ആരംഭിക്കുമ്പോൾ അതാതു രാജ്യത്തെ സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന ചില വ്യവസ്ഥകൾ പാലിച്ചിരിക്കണം. ഒരു പ്രത്യേക ലക്ഷ്യം നേടുന്നതിനുവേണ്ടി രണ്ടോ അതിലധികമോ ബിസിനസ് സ്ഥാപനങ്ങൾ അവരുടെ വിഭവങ്ങളും വൈദഗ്ധ്യവും സമാഹരിക്കലാണ് സംയുക്ത സംരംഭത്തിലൂടെ ചെയ്യുന്നത്. ഇവ ബിസിനസിന്റെ നഷ്ടസാധ്യതയും പ്രതിഫലങ്ങളും പങ്കുവയ്ക്കുന്നു. സാധാരണഗതിയിൽ സംയുക്ത സംരംഭങ്ങൾ ആരംഭിക്കാറുള്ളത് ബിസിനസിന്റെ വിപുലീകരണം, പുതിയ ഉൽപ്പന്നത്തിന്റെ വികാസം, അല്ലെങ്കിൽ മറ്റൊരു രാജ്യത്തെ പുതിയ വിപണിയിലേക്ക് കടക്കുക എന്നിങ്ങനെയുള്ള ഉദ്ദേശ്യത്തോടെ ആയിരിക്കാം. വിതരണ മാർഗ്ഗങ്ങൾ, സാങ്കേതികവിദ്യ, പണം തുടങ്ങിയ മേഖലകളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിലേക്കായി വ്യത്യസ്ത ബിസിനസ് സ്ഥാപനങ്ങൾ സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്ന രീതി ഇപ്പോൾ പതിവായിട്ടുണ്ട്. ഇത്തരം സംയുക്ത സംരംഭങ്ങളിലൂടെ രണ്ടോ അതിലധികമോ കമ്പനികൾ അവയുടെ വിഭവങ്ങളായ മൂലധനം, സാങ്കേതികവിദ്യ, മനുഷ്യ വിഭവങ്ങൾ, നഷ്ടസാധ്യത, പ്രതിഫലം എന്നിവ ഒരു പുതിയ സംരംഭത്തിനു വേണ്ടി യോജിച്ചുള്ള നിയന്ത്രണത്തിൽ വീതം വയ്ക്കുന്നു.

ഇന്ത്യയിൽ സംയുക്ത സംരംഭങ്ങൾക്ക് മാത്രമായി നിയമങ്ങൾ ഇല്ലാത്തതിനാൽ ഇവിടെ ബിസിനസ് ചെയ്യാനുള്ള ഏറ്റവും നല്ല മാർഗ്ഗമായി സംയുക്ത സംരംഭങ്ങളെ കണക്കാക്കുന്നു. ഇന്ത്യയിൽ ആരംഭിക്കുന്ന സംയുക്ത സംരംഭങ്ങളെ ആഭ്യന്തര കമ്പനികളുടെ ഗണത്തിലാണ് കാണുന്നത്.

**സംയുക്ത സംരംഭങ്ങൾ രണ്ട് തരത്തിലുണ്ട്**

- കരാറിടസ്ഥാനത്തിലുള്ള സംയുക്ത സംരംഭങ്ങൾ
- ഉടമസ്ഥാടിസ്ഥാനത്തിലുള്ള സംയുക്ത സംരംഭങ്ങൾ

### 3.6.1 സംയുക്ത സംരംഭങ്ങളുടെ വിവിധ തരങ്ങൾ (Types of Joint Ventures)

**(i) കരാറടിസ്ഥാനത്തിലുള്ള സംയുക്ത സംരംഭങ്ങൾ (Contractual Joint Ventures)**

ഒരു പുതിയ സംയുക്ത ഉടമസ്ഥതയിലുള്ള സംരംഭം കരാറടിസ്ഥാനത്തിലുള്ള സംയുക്ത സംരംഭത്തിൽ സൃഷ്ടിക്കുന്നില്ല. ഇതിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനുള്ള ഒരു ഉടമ്പടി മാത്രമാണുള്ളത്. ഇതിലെ കക്ഷികൾ തമ്മിൽ ബിസിനസിന്റെ ഉടമസ്ഥത പങ്ക്വെയ്ക്കുന്നില്ല, എന്നാൽ സംയുക്ത സംരംഭത്തിന്റെ പ്രവർത്തനങ്ങളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. കരാറടിസ്ഥാനത്തിലുള്ള സംയുക്ത സംരംഭത്തിന് ഏറ്റവും നല്ല ഉദാഹരണമാണ് ഫ്രാഞ്ചൈസി ബന്ധം. ഇത്തരം ബന്ധം സ്ഥാപിക്കലിന്റെ പ്രധാന ഘടകങ്ങൾ താഴെപ്പറുന്നവയാണ്.

എ) ഒരു ബിസിനസ് സംരംഭം നടത്തുന്നതിനുള്ള പൊതുവായ താല്പര്യം രണ്ടോ അതിലധികമോ കക്ഷികൾക്കുണ്ടാവണം.


ബി) ഇതിലെ ഓരോ കക്ഷികളും സംരംഭത്തിലേക്ക് വിഭവങ്ങൾ കൊണ്ടു വരണം.

സി) ഓരോ കക്ഷികൾക്കും ബിസിനസ് സംരംഭത്തിന്റെ പ്രവർത്തനങ്ങളിൽ ചില നിയന്ത്രണങ്ങൾ ഉണ്ടായിരിക്കും.

ഡി) കക്ഷികൾ തമ്മിലുള്ള ബന്ധം കേവലം ഇടപാടുകൾക്കപ്പുറം ദീർഘകാല അടിസ്ഥാനത്തിലുള്ളതായിരിക്കും.

**(ii) ഉടമസ്ഥാടിസ്ഥാനത്തിലുള്ള സംയുക്ത സംരംഭങ്ങൾ (Equity- based Joint Ventures)**

രണ്ടോ അതിലധികമോ കക്ഷികൾ കരാറടിസ്ഥാനത്തിൽ സംയുക്ത ഉമടസ്ഥതയിൽ ഒരു പുതിയ ബിസിനസ് സംരംഭം രൂപീകരിക്കുന്നതാണ് ഉടമസ്ഥാടിസ്ഥാന



ത്തിലുള്ള സംയുക്ത സംരംഭം. ഈ സംയുക്ത സംരംഭത്തിന്റെ പ്രധാന സവിശേഷത രണ്ടോ അതിലധികമോ കക്ഷികൾ തമ്മിലുള്ള സംയുക്ത ഉടമസ്ഥതയാണ്. കമ്പനി, പങ്കാളിത്ത സ്ഥാപനം, ട്രസ്റ്റുകൾ, ക്ലിപ്ത ബാധ്യത പങ്കാളിത്ത സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ ബിസിനസ് രൂപങ്ങളിൽ ഇവ പ്രവർത്തിക്കാറുണ്ട്. സംയുക്ത ഉടമസ്ഥാടിസ്ഥാനത്തിലുള്ള സംയുക്ത സംരംഭങ്ങളുടെ പ്രധാന പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

എ) ഒരു കരാറിന്റെ അടിസ്ഥാനത്തിൽ രണ്ടോ അതിലധികമോ കക്ഷികൾ തമ്മിൽ ഒരു സ്ഥാപനം രൂപീകരിക്കുകയോ അല്ലെങ്കിൽ നിലവിലുള്ള ഒരു സ്ഥാപനത്തിന്റെ ഉമടസ്ഥതയിലേക്ക് ഏതെങ്കിലും ഒരു കക്ഷി പ്രവേശിക്കുകയോ ചെയ്യുന്നു.

ബി) ഇതിലെ കക്ഷികൾ തമ്മിൽ ഉമടസ്ഥത പങ്ക് വയ്ക്കുന്നു.

സി) സംയുക്ത ഉമടസ്ഥതയിലുള്ള സംരംഭത്തിന്റെ മാനേജ്മെന്റ് കക്ഷികൾ പങ്ക് വയ്ക്കുന്നു.

ഡി) മൂലധന നിക്ഷേപത്തിന്റെയും മറ്റ് സാമ്പത്തിക ക്രമീകരണങ്ങളുടേയും ഉത്തരവാദിത്വം കക്ഷികൾ തമ്മിൽ പങ്ക് വയ്ക്കുന്നു.

ഇ) കരാർ പ്രകാരം സംരംഭത്തിന്റെ ലാഭവും നഷ്ടവും പങ്ക് വയ്ക്കുന്നു.

ഒരു സംയുക്ത സംരംഭം അതിന്റെ സംയുക്ത സംരംഭ കരാറിലെ വ്യവസ്ഥകളെ ഉയർത്തിക്കാട്ടി രണ്ട് അംഗങ്ങൾ ഒപ്പിട്ട് തയ്യാറാക്കിയ ഒരു ധാരണാപത്രത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പിൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള നിയമപരമായ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ഇവയുടെ വ്യവസ്ഥകൾ കൃത്യമായ ചർച്ചകളിലൂടെയും കൂടിയാലോചനകളിലൂടെയും അതോടൊപ്പംതന്നെ അംഗങ്ങളുടെ സാമൂഹികവും നിയമപരവുമായ പശ്ചാത്തലവും കൂടി പരിഗണിച്ചുവേണം തീരുമാനിക്കേണ്ടത്. സംയുക്ത സംരംഭ ഉടമ്പടിയിൽ ആവശ്യമായ എല്ലാ സർക്കാർ അനുവാദങ്ങളും നടപടിക്രമങ്ങളും ഒരു നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കേണ്ടതുണ്ട്.

### സംയുക്ത സംരംഭങ്ങൾക്കുള്ള ഉദാഹരണങ്ങൾ (Examples of Joint Ventures)

1. എ.വി.ഐ. ഓയിൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (AVI Oil India Pvt. Ltd.)

   സ്ഥാപിതമായത് : 1993 നവംബർ 4

   സംയുക്ത സംരംഭത്തിലെ കക്ഷികൾ : ബാമർ ലാറി ആന്റ് കമ്പനി ലിമിറ്റഡ് (Balmer Lawrie & Co. Ltd.)

   നൈകോ (NYCO), ഫ്രാൻസ്

   പ്രവർത്തന മേഖല : ധാതുക്കൾ ഉപയോഗിച്ചുള്ള എണ്ണ, പ്രതിരോധ വൈമാനിക ആവശ്യങ്ങൾ

2. ഗ്രീൻ ഗ്യാസ് ലിമിറ്റഡ് (Green Gas Ltd.)

   സ്ഥാപിതമായത് : 2005 ഒക്ടോബർ 7

   സംയുക്ത സംരംഭത്തിലെ കക്ഷികൾ : ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (GAIL)

   ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (IOCL)

   പ്രവർത്തന മേഖല : ഉപഭോക്താക്കൾക്ക് സുരക്ഷിതവും വിശ്വസനീയവുമായ പ്രകൃതി വാതകം നൽകുക.

3. ഡൽഹി എവിയേഷൻ ഫ്യുവൽ ഫെസിലിറ്റി പ്രൈവറ്റ് ലിമിറ്റഡ് (Delhi Aviation Fuel Facility Pvt. Ltd.)

   സ്ഥാപിതമായത് : 2010 മാർച്ച് 28

   സംയുക്ത സംരംഭത്തിലെ കക്ഷികൾ : ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (BPCL)

ഡൽഹി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (DIAL)

പ്രവർത്തന മേഖല : നിർമ്മാണം, നടത്തിപ്പ്, സംരക്ഷണം, വികസനം, രൂപകൽപ്പന

ഡൽഹി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡും തമ്മിൽ വിമാനത്താവളത്തിന്റെ സംരക്ഷണം, രൂപ കൽപ്പന, നവീകരണം, എന്നിവയ്ക്കായി സംയുക്ത സംരംഭമായാണ് ഈ കമ്പനി രൂപീകരിച്ചത്.

### 3.6.2 നേട്ടങ്ങൾ (Benefits)

ബിസിനസ് സ്ഥാപനത്തിന് പങ്കാളിയുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിലൂടെ അപ്രതീക്ഷിത നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. സംയുക്ത സംരംഭം ഇതിൽ ഉൾപ്പെട്ടിട്ടുള്ള രണ്ട് കക്ഷികൾക്കും ഗുണം ചെയ്യും. വിഭവങ്ങളും സാങ്കേതിക വൈദഗ്ധ്യവും ശേഷിയും കൂടുതൽ മെച്ചപ്പെടുത്തുവാൻ സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിലൂടെ ഓരോ കക്ഷിക്കും കഴിയുന്നു. സംയുക്ത സംരംഭങ്ങളുടെ എടുത്തു പറയേണ്ട നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

**(i) വിഭവങ്ങളുടെയും ശേഷിയുടെയും വർദ്ധനവ് (Increase of resources and capacity)**

മറ്റൊരു സ്ഥാപനവുമായി ചേർന്ന് പ്രവർത്തിക്കുന്നതു വഴി നിലവിലുള്ള വിഭവങ്ങളും ശേഷികളും കൂടുതൽ ഉയരങ്ങളിലേക്ക് വളരെ വേഗത്തിൽ വ്യാപിപ്പിക്കുവാൻ കഴിയുന്നു. സാമ്പത്തികവും മാനുഷികവുമായ വിഭവങ്ങളുടെ സമാഹരണവും അതുവഴി വിപണിയിലെ വെല്ലുവിളികളെ തരണം ചെയ്ത് പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തുവാനും സംയുക്ത സംരംഭത്തിലൂടെ കഴിയുന്നു.

**(ii) പുതിയ വിപണിയും വിതരണ ശൃംഖലയും കണ്ടെത്തൽ (Access to new markets and distribution networks)**

ഒരു വിദേശ പങ്കാളിയുമായി ചേർന്നുള്ള സംയുക്ത സംരംഭം പുതിയ വിശാലമായ വിപണി കണ്ടെത്താൻ സഹായിക്കുന്നു. ഉദാഹരണം: മാരുതിയും സുസുക്കിയും സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടതിലൂടെ ഇന്ത്യൻ കാർ വിപണിയുടെ പരമാവധി സാധ്യതകളെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. സ്വദേശ വിപണിയിൽ ഉൽപ്പന്നങ്ങൾ വിൽപ്പനയുടെ പാരമ്യത്തിലെത്തിയാൽ പുതിയ വിപണി കണ്ടെത്തുന്നതിലൂടെ അവ വിറ്റഴിക്കാൻ കഴിയുന്നു. വ്യത്യസ്ത പ്രാദേശിക വിപണികളിലെ ചില്ലറ വിൽപ്പനശാലകളുടെ വിതരണ ശൃംഖലകൾ ഉപയോഗപ്പെടുത്തി നേട്ടം കൊയ്യാനും സാധിക്കുന്നു. അല്ലാത്തപക്ഷം സ്വന്തമായി ചില്ലറ വിൽപനശാലകൾ ആരംഭിക്കുകയെന്നത് വളരെ ചെലവേറിയ ഒന്നായി മാറും.

**(iii) സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തൽ (Access to Technology)**

മിക്ക ബിസിനസുകളും സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടാനുള്ള പ്രധാന കാരണം സാങ്കേതികവിദ്യയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനാണ്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഉൽപ്പാദന രീതിയിലൂടെ ഉയർന്ന നിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ഉൽപാദിപ്പിക്കുവാൻ സാധിക്കുന്നു. ഇത്തരം സാങ്കേതികവിദ്യയുടെ സ്വന്തമായുള്ള വികാസത്തിന് വളരെ കൂടുതൽ നിക്ഷേപം വേണ്ടതിനാൽ സംയുക്ത സംരംഭത്തിലൂടെ ഇവയുടെ സേവനം ഉപയോഗപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നു.

**(iv) പുതുമകൾ കണ്ടെത്തൽ (Innovation)**

വിപണി എപ്പോഴും പുതുമയോട് താൽപ്പര്യം കാട്ടാറുണ്ട്. സംയുക്ത സംരംഭം ബിസിനസിനെ നിലവിലുള്ള വിപണിയിലേക്ക് പുതിയതും ഉന്നത നിലവാരമുള്ളതുമായ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാൻ സഹായിക്കുന്നു.

സംയുക്ത സംരംഭത്തിലെ വിദേശ പങ്കാളിക്ക് ഉൽപ്പന്നങ്ങളെ നവീകരിക്കാനുള്ള കഴിവും സാങ്കേതികവിദ്യയും കൂടുതലായി ഉള്ളതിനാൽ ഏറെ പുതുമകളോടെ ഉൽപ്പന്നം അവതരിപ്പിക്കാൻ സാധിക്കുന്നു.

**(v) കുറഞ്ഞ ഉൽപ്പാദനച്ചെലവ് (Low cost of production)**

അന്തർദേശീയ സ്ഥാപനങ്ങൾ ഇന്ത്യയിൽ നിക്ഷേപം നടത്തുന്നതിന്റെ ഏറ്റവും പരമപ്രധാനമായ ഉദ്ദേശ്യം കുറഞ്ഞ ചിലവിൽ സാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയും എന്നതാണ്. ഇവിടെനിന്ന് നിലവാരമുള്ള ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ആഗോള ആവശ്യങ്ങൾക്കനുസരിച്ച് ഉൽപാദിപ്പിക്കാൻ കഴിയുന്നു. ഇന്ത്യ ഒരു പ്രധാനപ്പെട്ട ആഗോള ഉറവിടവും ഉൽപ്പന്നങ്ങൾക്ക് അനുയോജ്യമായ വിപണിയും ആകുന്നു. വിദേശ പങ്കാളിക്ക് അവരുടെ മാതൃരാജ്യത്ത് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ ചെലവിൽ സാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ, തൊഴിലാളികൾ, വ്യത്യസ്ത മേഖലയിലുള്ള സാങ്കേതിക വിദഗ്ധരായുള്ള അഭിഭാഷകർ, എൻജിനീയർമാർ, ശാസ്ത്രജ്ഞന്മാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ തുടങ്ങിയവയെല്ലാം ഇവിടെ ധാരാളമായി ലഭിക്കുന്നതിനാൽ അവർ ഇന്ത്യൻ കമ്പനികളുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നു.

**(vi) അംഗീകരിക്കപ്പെട്ട ബ്രാന്റ് നാമം (Established Brand Name)**

രണ്ട് ബിസിനസുകൾ തമ്മിൽ സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിലൂടെ ഓരോ കക്ഷിക്കും നിലവിൽ വിപണിയിൽ അംഗീകരിക്കപ്പെട്ട സൽപ്പേരിന്റെ ഗുണം പരസ്പരം അനുഭവിക്കാൻ സാധിക്കുന്നു. ഇന്ത്യയിലെ ഒരു കമ്പനിയുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിലൂടെ അവരുടെ ഉൽപ്പന്ന ത്തിന്റെ ബ്രാന്റ് നാമം വികസിപ്പിക്കുന്നതിനോ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനോ വേണ്ടി സമയമോ പണമോ ചെലവാക്കേണ്ടി വരുന്നില്ല. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ പാകത്തിലുള്ള വിപണി ഇതുവഴി ലഭിക്കുന്നതിലൂടെ കൂടുതൽ പണം ലാഭിക്കാൻ സാധിക്കും.

### 3.7 പൊതു സ്വകാര്യ പങ്കാളിത്ത സംരംഭങ്ങൾ (Public Private Partnership)

സ്വകാര്യ സംരംഭങ്ങളും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും തമ്മിൽ ദീർഘകാലാടിസ്ഥാനത്തിൽ ഒരു പ്രത്യേക മേഖലയിൽ യോജിച്ച് പ്രവർത്തിക്കുന്നതിനായി കരാറിൽ ഏർപ്പെട്ട് പ്രവർത്തിക്കുന്നതാണ് പൊതു സ്വകാര്യ പങ്കാളിത്ത സംരംഭങ്ങൾ. ഇതിലൂടെ പൊതു സംരംഭങ്ങളും സ്വകാര്യ പങ്കാളികളും തമ്മിൽ സംരംഭത്തിന്റെ കർത്തവ്യങ്ങൾ, ചുമതലകൾ, നഷ്ട സാധ്യത എന്നിവ അനുയോജ്യമായ രീതിയിൽ പങ്കുവെയ്ക്കുന്നു. ഏതെങ്കിലും മന്ത്രാലയങ്ങൾ, സർക്കാർ വകുപ്പുകൾ, നഗരസഭകൾ, സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ തുടങ്ങിയവയാണ് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലെ പൊതു പങ്കാളികളാകുന്നത്. ഇതിലെ സ്വകാര്യ പങ്കാളികൾ പ്രസ്തുത സംരംഭത്തിൽ സാങ്കേതികമോ സാമ്പത്തികമോ ആയ വൈദഗ്ധ്യമുള്ള തദ്ദേശിയമായോ ആന്തർദേശിയമായോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോ വ്യക്തികളോ ആകാം. പ്രസ്തുത പദ്ധതിയിൽ താല്പര്യമുള്ള സർക്കാരിതര സന്നദ്ധ സംഘടനകൾക്കും പൊതു സ്വകാര്യ പങ്കാളിത്ത സംരംഭത്തിൽ പങ്കാളികളാകാം. അടിസ്ഥാന സൗകര്യങ്ങളും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്നതിനായി പൊതു സംരംഭങ്ങളും സ്വകാര്യ സ്ഥാപനങ്ങളും ഒത്ത് ചേർന്ന് പ്രവർത്തിക്കുന്നതാണ് പൊതു സ്വകാര്യ പങ്കാളിത്ത സംരംഭങ്ങൾ. പൊതു സ്വകാര്യ പങ്കാളത്ത മാതൃകയിൽ പൊതു മേഖലയ്ക്ക് ഗണ്യമായ സ്ഥാനം ഉള്ളതിനാൽ ഇത്തരം സംരംഭങ്ങൾ സാമൂഹിക ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നുണ്ടെന്നും

അതോടൊപ്പം തന്നെ പൊതു നിക്ഷേപവും സാമൂഹിക പരിഷ്കരണങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്നു ഉറപ്പുവരുത്തുന്നു. പ്രസ്തുത പങ്കാളിത്ത സംരംഭത്തിന്റെ സാമൂഹിക ഉത്തരവാദിത്വങ്ങൾ, പരിസ്ഥിതി അവബോധം, പ്രാദേശിക പരിജ്ഞാനം എന്നിവ നിർവഹിക്കുന്നതിനൊപ്പം ഇവയ്ക്കു വേണ്ട മൂലധനം, ആസ്തികൾ എന്നിവയും പൊതു സ്വകാര്യ പങ്കാളിത്ത സംരംഭത്തിൽ, സർക്കാർ വിഹിതമായി നൽകുന്നു. സംരംഭത്തിന്റെ പ്രവർത്തനത്തിലും നടത്തിപ്പിലും സ്വകാര്യ മേഖലയുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നു എന്നുള്ളതാണ് ഇതിൽ സ്വകാര്യ മേഖലയുടെ പങ്ക്.

ഊർജ്ജോൽപാദനവും വിതരണവും, മാലിന്യ സംസ്കരണം, ജലശുചീകരണം, പൈപ്പ് ലൈൻ, ആശുപത്രികൾ, സ്കൂൾ കെട്ടിടങ്ങൾ, മൈതാനം, ഗതാഗത നിയന്ത്രണ സംവിധാനം, ജയിലുകൾ, റെയിൽവേ, റോഡുകൾ, മറ്റ് വിവര സാങ്കേതിക സമ്പ്രദായങ്ങൾ തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും പൊതു സ്വകാര്യ പങ്കാളിത്ത സംരംഭങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

## പൊതു സ്വകാര്യ പങ്കാളിത്ത മാതൃക (PPP Model)

**പ്രത്യേകതകൾ**

- പൊതു സൗകര്യങ്ങളുടെ നിർമ്മാണത്തിനായി സ്വകാര്യ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നു.
- ഇതിന്റെ സാമ്പത്തികവും ഉടമസ്ഥതയും കൈകാര്യം ചെയ്യുന്നത് പൊതു മേഖലയാണ്.
- പദ്ധതിയുടെ രൂപകല്പനയും നിർമ്മാണവും നടത്തുന്നതിനുള്ള അവകാശം സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നു.

**പ്രയോഗം**

- ചെറിയ പ്രവർത്തന ആവശ്യകതകയുള്ള മൂലധന പദ്ധതികൾക്ക് അനുയോജ്യം
- പൊതുമേഖല പ്രവർത്തന ഉത്തരവാദിത്വം നിലനിർത്താൻ ആഗ്രഹിക്കുന്ന മൂലധന പദ്ധതികൾക്ക് അഭികാമ്യം

**ശക്തി**

- രൂപകല്പനയും നിർമ്മാണത്തിലുള്ള അപകട സാധ്യതയും കൈമാറ്റം ചെയ്യുന്നു.
- പദ്ധതിയുടെ വളർച്ച ത്വരിതപ്പെടുത്തുന്നു.

**ന്യൂനതകൾ**

- പരിസ്ഥിതി സംബന്ധമായ വിഷയത്തിൽ പങ്കാളികൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായേക്കാം.
- സ്വകാര്യ സമ്പത്ത് കണ്ടെത്തുവാൻ പ്രയാസമാണ്.

**ഉദാഹരണം**

- 135 കി.മീ. ദൈർഘ്യമുള്ള കുണ്ട്ലി മനേസർ എക്സ്പ്രസ് പാതയുടെ നിർമ്മാണത്തിനായി രൂപീകരിക്കപ്പെട്ട കുണ്ട്ലി മനേസർ എക്സ്പ്രസ് വേ ലിമിറ്റഡ് എന്ന കമ്പനി പാതയുടെ നിർമ്മാണത്തിനായി സർക്കാർ ഭൂമി നൽകിയപ്പോൾ കമ്പനി പാത നിർമ്മിച്ചു നൽകി.

**പ്രധാനപദങ്ങൾ**

| | | |
|---|---|---|
| പൊതുമേഖല | വകുപ്പുതല സംരംഭങ്ങൾ | സ്വകാര്യവൽക്കരണം |
| പൊതു സംരംഭങ്ങൾ | സർക്കാർ കമ്പനികൾ | ആഗോളവൽക്കരണം |
| പൊതു കോർപ്പറേഷനുകൾ | ഓഹരി വിറ്റഴിക്കൽ | ആഗോള സംരംഭങ്ങൾ |
| സംയുക്ത സംരംഭങ്ങൾ | പൊതു ഉത്തരവാദിത്വം | പൊതുമേഖലാ സ്ഥാപനങ്ങൾ |
| പൊതു സ്വകാര്യ പങ്കാളിത്തം | | |

## സംഗ്രഹം

**സ്വകാര്യമേഖലയും പൊതുമേഖലയും:** നമ്മുടെ രാജ്യത്ത് വിവിധ തരത്തിലുള്ള ബിസിനസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ ദൈനംദിന സാമ്പത്തിക കാര്യങ്ങളെ സ്വാധീനിക്കുന്ന ഈ സ്ഥാപനങ്ങൾ ഇന്ത്യൻ സമ്പദ്ഘടനയുടെ പ്രധാന ഭാഗമാകുന്നു. പൊതുമേഖലയും സ്വകാര്യമേഖലയും ഒരുപോലെ പ്രവർത്തിക്കാൻ അനുവദിക്കുന്ന മിശ്ര സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയുടേത്. അതിനാൽ ഇന്ത്യൻ സമ്പദ്ഘടനയെ പൊതുമേഖലയെന്നും സ്വകാര്യമേഖലയെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഒരു വ്യക്തിയുടെയോ ഒരുകൂട്ടം വ്യക്തികളുടെയോ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ് സ്വകാര്യ മേഖലയിൽ ഉൾപ്പെടുന്നത്. ഏകാംഗ വ്യാപാരം, പങ്കാളിത്ത ബിസിനസ്, ഹിന്ദു കൂട്ടുകുടുംബം, സഹകരണ സംഘങ്ങൾ, കമ്പനി തുടങ്ങിയവ സ്വകാര്യ മേഖലയിൽ വരുന്ന സ്ഥാപനങ്ങളാണ്. സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. ഇവ പൂർണ്ണമായോ ഭാഗികമായോ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഉടമസ്ഥതയിൽ ആകാം.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സംഘടനാ രൂപങ്ങൾ**

രാജ്യത്ത് ബിസിനസ്, സാമ്പത്തിക മേഖലകളിലുള്ള സർക്കാരിന്റെ ഇടപെടലുകൾക്ക് ചില സംഘടനാ രൂപങ്ങൾ ആവശ്യമുണ്ട്. ഒരു പൊതുമേഖലാ സ്ഥാപനത്തിന് അതിന്റെ പ്രവർത്തന സ്വഭാവത്തിന്റെയും സർക്കാരുമായുള്ള ബന്ധത്തിന്റെയും അടിസ്ഥാനത്തിൽ ഏതുതരം സംഘടനാ രൂപവും സ്വീകരിക്കാവുന്നതാണ്. എന്നാൽ അവയുടെ ആവശ്യകതയ്ക്ക് അനുസരിച്ചായിരിക്കും അനുയോജ്യമായ സംഘടനാ രൂപം തീരുമാനിക്കുക. പൊതുമേഖലാ സ്ഥാപനങ്ങൾ താഴെപ്പറയുന്ന രീതികളിൽ സംഘടിപ്പിക്കാം.

1. വകുപ്പുതല സംരംഭം (Departmental Undertaking)
2. പൊതു കോർപ്പറേഷൻ (Statutory Corporation/Public Corporation)
3. സർക്കാർ കമ്പനി (Government Company)

**വകുപ്പുതല സംരംഭങ്ങൾ**

സർക്കാരിന്റെ ഒരു പ്രത്യേക മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് വകുപ്പുതല സംരംഭങ്ങൾ. ഇവയെ മന്ത്രാലയത്തിന്റെ ഒരു ഭാഗമായോ അല്ലെങ്കിൽ തുടർച്ചയായോ കരുതാം. സർക്കാർ ഇത്തരം സ്ഥാപനങ്ങളിലൂടെ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവൃത്തികൾ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണ്.

### പൊതു കോർപ്പറേഷനുകൾ

പാർലമെന്റോ നിയമസഭയോ പാസ്സാക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന സ്വയംഭരണ സ്ഥാപനങ്ങളാണ് പൊതു കോർപ്പറേഷനുകൾ. ഇത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ വകുപ്പുമായുള്ള ബന്ധത്തെയും നടപടിക്രമങ്ങളെയും അധികാരത്തെയും ജീവനക്കാരെ സംബന്ധിക്കുന്ന കാര്യങ്ങളെയും പറ്റിയൊക്കെ ഇവയുടെ നിയമത്തിൽ വ്യക്തമാക്കിയിരിക്കും. ഒരു പ്രത്യേകതരം വാണിജ്യ പ്രവർത്തനത്തിലോ മേഖലയിലോ പൂർണ്ണ നിയന്ത്രണമുള്ള, നിയമനിർമ്മാണസഭയിലൂടെ സൃഷ്ടിക്കപ്പെട്ട വ്യക്തമായ അധികാരങ്ങളും ചുമതലകളും സാമ്പത്തിക സ്വാതന്ത്ര്യവുമുള്ള നിയമപരമായ സമിതിയാണ് പൊതുകോർപ്പറേഷനുകൾ.

### സർക്കാർ കമ്പനി

1956 ലെയോ 2013 ലെയോ കമ്പനി നിയമപ്രകാരം സ്ഥാപിതമായവയാണ് ഇത്തരം കമ്പനികൾ. സർക്കാർ കമ്പനികൾ സ്വകാര്യമേഖലയിലുള്ള മറ്റു കമ്പനികളെ പോലെ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിയന്ത്രിക്കപ്പെടുന്നതും കമ്പനി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചാണ്. കമ്പനി നിയമപ്രകാരം ഒരു കമ്പനിയുടെ 51 ശതമാനത്തിൽ കുറയാത്ത കൊടുത്തുതീർത്ത ഓഹരി മൂലധനം കേന്ദ്രസർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാനസർക്കാരിന്റെയോ അല്ലെങ്കിൽ ഭാഗികമായി കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും അല്ലെങ്കിൽ ഒന്നിൽ കൂടുതൽ സംസ്ഥാന സർക്കാരുകൾ ഒരുമിച്ചോ കൈവശം വച്ചിരിക്കുന്നുവെങ്കിൽ അവയെ സർക്കാർ കമ്പനി എന്നു വിളിക്കുന്നു.

### പൊതുമേഖലയുടെ മാറിക്കൊണ്ടിരിക്കുന്ന പങ്ക്

പൊതുമേഖല സ്ഥാപനങ്ങൾക്ക് നേരിട്ട് ബിസിനസ് പ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ടോ അല്ലെങ്കിൽ അതിനു സഹായകരമായ ക്രമീകരണങ്ങൾ നൽകിക്കൊണ്ടോ ഇന്ത്യൻ സമ്പദ്ഘടനയുടെ ചില ലക്ഷ്യങ്ങൾ നേടുന്നതിൽ നിർണ്ണായകമായ സ്ഥാനം വഹിക്കാൻ കഴിയും എന്ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയ സമയത്ത് പ്രതീക്ഷിച്ചിരുന്നു. ഇന്ത്യൻ സമ്പദ്ഘടന മാറ്റത്തിന്റെ പാതയിലാണ്. 90 കൾക്ക് ശേഷം പുത്തൻ സാമ്പത്തിക നയത്തിലൂടെ ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നീ നയങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിലൂടെ പൊതുമേഖലയുടെ സ്ഥാനം പുനർനിർവചിക്കപ്പെട്ടു. എന്നാൽ പൊതുമേഖല അതേ വ്യവസായത്തിലെ സ്വകാര്യമേഖലാ സംരംഭങ്ങളുമായി മത്സരത്തിലേർപ്പെട്ടുകൊണ്ട് കൂടുതൽ സജീവമാകുവാൻ ശ്രമിക്കുകയാണ് ചെയ്തത്.

### അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

മതിയായ വാർത്താവിനിമയ സംവിധാനങ്ങൾ, ഇന്ധനം, ഊർജം, മറ്റ് അടിസ്ഥാന വ്യവസായങ്ങൾ തുടങ്ങിയവയുടെ അഭാവത്തിൽ ശരിയായ വ്യവസായവൽക്കരണ പ്രക്രിയ സാധ്യമല്ല. സർക്കാരിന് മാത്രമേ വലിയ മൂലധനം സ്വരൂപിക്കുന്നതിനും വ്യാവസായിക നിർമ്മാണം ഏകോപിപ്പിക്കുന്നതിനും സാങ്കേതിക വിദഗ്ധർക്കും മറ്റ് തൊഴിലാളികൾക്കും വേണ്ട പരിശീലനം നൽകുന്നതിനും സാധിച്ചിരുന്നുള്ളു.

### പ്രാദേശിക സന്തുലനം

രാജ്യത്തെ വിവിധ പ്രദേശങ്ങൾ തമ്മിലുള്ള സാമ്പത്തിക അസന്തുലിതാവസ്ഥ പരിഹരിക്കുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. രാജ്യത്തെ പ്രാദേശിക സന്തുലനം ഉറപ്പാക്കുന്നതിന് പിന്നോക്ക

പ്രദേശങ്ങളുടെ വികസനം ആസൂത്രിതമായ വികസനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാക്കേണ്ട താണ്. സർക്കാർ പുതിയ സംരംഭങ്ങൾ പിന്നോക്ക പ്രദേശങ്ങളിൽ ആരംഭിക്കുകയും അതേസമയം വികസിത പ്രദേശങ്ങളിലുള്ള സ്വകാര്യ സംരംഭങ്ങളുടെ പെട്ടെന്നുള്ള വളർച്ചയെ നിയന്ത്രിക്കുകയും ചെയ്താൽ പ്രാദേശിക സന്തുലനം സാധ്യമാക്കി തീർക്കാം.

**സമ്പദ്‌വ്യവസ്ഥകളുടെ തോത്**

സമ്പദ്ഘടനയുടെ പുരോഗതിക്ക് ഉയർന്ന മൂലധനനിക്ഷേപം ആവശ്യമായ വൻകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഇവയുടെ പ്രയോജനം നേടാൻ പൊതുമേഖലാസ്ഥാപനങ്ങൾ നിർബന്ധിതരായി.

**സമ്പത്തിന്റെ കേന്ദ്രീകരണത്തെ നിയന്ത്രിക്കുന്നു**

പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയുടെ മേൽ ഒരു നിയന്ത്രണമായി പ്രവർത്തി ക്കുന്നു. വൻകിട വ്യവസായ മേഖലയിൽ മുതൽ മുടക്കാൻ സ്വകാര്യ മേഖലയിൽ നിന്ന് കുറച്ചു പേർ മാത്രമേ താൽപ്പര്യം കാണിക്കുന്നുള്ളൂ. ഇതിന്റെ ഫലമായി ചിലരുടെ കൈകളിൽ മാത്രമായി സമ്പത്ത് കുമിഞ്ഞു കൂടുകയും അത് കുത്തകവൽക്കരണത്തിന് കാരണമാവുകയും ചെയ്യും.

**ഇറക്കുമതിക്ക് പകരം വയ്ക്കൽ**

രാജ്യം വ്യത്യസ്തമേഖലകളിൽ സ്വയംപര്യാപ്തതയിൽ എത്തിച്ചേരുക എന്നത് ആദ്യകാല പഞ്ചവത്സരപദ്ധതികളുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമായിരുന്നു. ഇതിന്റെ ഭാഗമായി ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന സാധനങ്ങൾക്ക് പകരമായി ഘന നിർമ്മാണ വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ അവ ഉൽപാദിപ്പിക്കുവാൻ തുടങ്ങി.

**1991 മുതലുള്ള സർക്കാരിന്റെ പൊതുമേഖലാ നയം**

ഇവയുടെ പ്രധാന ഘടകങ്ങൾ

(i) ഭാവിയിൽ വളർച്ചാ സാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുക.

(ii) പുനരുജ്ജീവിപ്പിക്കാൻ സാധ്യതയില്ലാത്ത പൊതുമേഖലാ സംരംഭങ്ങൾ അടച്ചു പൂട്ടുക.

(iii) തന്ത്രപ്രധാനമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി വിഹിതം 26 ശതമാനത്തിൽ താഴെയായി പരിമിതപ്പെടുത്തുക.

(iv) ജീവനക്കാരുടെ താൽപര്യങ്ങൾ പൂർണമായും സംരക്ഷിക്കുക.

**(a) പൊതുമേഖലയ്ക്കായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള വ്യവസായങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുക**

സ്വകാര്യമേഖലയ്ക്ക് പൊതുമേഖലയ്ക്കായി മാത്രം മാറ്റിവച്ച മൂന്ന് വ്യവസായങ്ങളിൽ ഒഴികെ ബാക്കി എല്ലാ മേഖലകളിലേക്കും കടക്കാൻ സാധിക്കുകയും പൊതുമേഖലയ്ക്ക് അവരുമായി ശക്തമായി മത്സരിക്കേണ്ടിയും വന്നു.

**(b) തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ**

സ്വകാര്യമേഖലയ്ക്കോ പൊതുജനങ്ങൾക്കോ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിനെയാണ് ഓഹരിവിറ്റഴിക്കൽ എന്നു പറയുന്നത്. പൊതുജനങ്ങളുടെയും തൊഴിലാളി

കളുടെയും പങ്കാളിത്തം ഇത്തരം സ്ഥാപനങ്ങളിൽ ഉറപ്പാക്കി മുലധനം സമാഹരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. വ്യവസായ മേഖലയിൽ നിന്ന് പിൻവലിയുവാനും എല്ലാ സംരംഭങ്ങളിലെയും ഓഹരി പങ്കാളിത്തം കുറയ്ക്കുവാനും സർക്കാർ തീരുമാനിച്ചു.

**(c) നഷ്ടത്തിലായ സംരംഭങ്ങളെ സ്വകാര്യമേഖലയ്ക്ക് തുല്യമായി കണക്കാക്കുന്ന സമീപനം**

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അടച്ചുപൂട്ടണോ പുനരുദ്ധരിക്കണോ എന്നകാര്യം തീരുമാനിക്കുന്നതിനായി വ്യാവസായിക ധനകാര്യ പുനർനിർമ്മാണ ബോർഡിന്റെ (Board for Industrial and Financial Reconstruction) പരിഗണനയ്ക്കു വിടുന്നു.

**d) ധാരണാപത്രം**

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി മാനേജ്മെന്റിന് കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് സർക്കാരുമായി ധാരണാപത്രം ഉണ്ടാക്കുന്നു. ഇതനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പൂർത്തീകരിക്കേണ്ട ലക്ഷ്യങ്ങളും അവ പൂർത്തീകരിക്കാനാവശ്യമായ പ്രവർത്തനസ്വാതന്ത്ര്യവും നൽകുന്നു.

**ആഗോള സംരംഭങ്ങൾ**

കഴിഞ്ഞ 20 വർഷമായി ആഗോള സംരംഭങ്ങൾ ഇന്ത്യൻ സമ്പദ്ഘടനയിൽ നിർണ്ണായകമായ സ്ഥാനം ചെലുത്തി വരുന്നു. ഭീമമായ വലിപ്പം, ഉത്പന്നങ്ങളുടെ വൈവിധ്യം, നൂതന സാങ്കേതികവിദ്യ, വിപണന തന്ത്രം, ലോകം മുഴുവൻ വ്യാപിച്ച് കിടക്കുന്ന വിതരണ ശൃംഖല തുടങ്ങിയവയാണ് ഇത്തരം സ്ഥാപനങ്ങളുടെ സവിശേഷതകൾ. വിവിധ രാജ്യങ്ങളിലായി ശാഖകളുടെ ശൃംഖല വഴി വ്യാവസായിക വിപണന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്ന വൻകിട വ്യവസായ സ്ഥാപനങ്ങളാണ് ആഗോള സംരംഭങ്ങൾ.

**പ്രത്യേകതകൾ**

ആഗോള സംരംഭങ്ങൾക്ക് സ്വകാര്യമേഖലാകമ്പനികൾ, പൊതുമേഖലാ സംരംഭങ്ങൾ എന്നിവയിൽ നിന്ന് വ്യത്യസ്തമായ സവിശേഷതകളാണുള്ളത്.

(i) വിപുലമായ മൂലധന വിഭവങ്ങൾ

(ii) വിദേശ സഹപ്രവർത്തനം

(iii) അത്യാധുനിക സാങ്കേതികവിദ്യ

(iv) ഉൽപ്പന്ന നവീകരണം

(v) വിപണന തന്ത്രം

(vi) വിപണി പ്രദേശത്തിന്റെ വിപുലീകരണം

(vii) കേന്ദ്രീകൃത നിയന്ത്രണം

**സംയുക്ത സംരംഭങ്ങൾ**

സംയുക്ത സംരംഭം എന്നതിനെ നാം ഉപയോഗിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പലതരത്തിൽ വ്യാഖ്യാനിക്കാം. വിശാല അർത്ഥത്തിൽ സംയുക്ത സംരംഭം എന്നാൽ ഒരു പ്രത്യേക ലക്ഷ്യം

നേടുന്നതിനു വേണ്ടി രണ്ടോ അതിലധികമോ ബിസിനസ് സ്ഥാപനങ്ങൾ അവരുടെ വിഭവങ്ങളും വൈദഗ്ധ്യവും സമാഹരിക്കലാണ്. ഇവ ബിസിനസിന്റെ നഷ്ടസാധ്യതയും പ്രതിഫലങ്ങളും പങ്ക് വയ്ക്കുന്നുണ്ട്. സാധാരണഗതിയിൽ സംയുക്ത സംരംഭങ്ങൾ ആരംഭിക്കാറുള്ളത് ബിസിനസിന്റെ വിപുലീകരണം, പുതിയ ഉൽപ്പന്നത്തിന്റെ വികാസം അല്ലെങ്കിൽ മറ്റൊരു രാജ്യത്തെ പുതിയ വിപണിയിലേക്കു കടക്കുക എന്നീ ഉദ്ദേശ്യത്തോടു കൂടിയാകാം.

**നേട്ടങ്ങൾ:**

ബിസിനസിന് ഒരു പങ്കാളിയുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിലൂടെ അപ്രതീക്ഷിത നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. സംയുക്ത സംരംഭങ്ങളുടെ എടുത്തുപറയേണ്ട നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

(i) വിഭവങ്ങളും ശേഷിയും വർധിപ്പിക്കുന്നു.

(ii) പുതിയ വിപണിയുടെയും വിതരണ ശൃംഖലയുടെയും കണ്ടെത്തൽ.

(iii) സാങ്കേതികവിദ്യയുടെ ഉപയോഗപ്പെടുത്തൽ.

(iv) പുതുമകൾ കണ്ടെത്തൽ

(v) കുറഞ്ഞ ഉൽപാദനച്ചെലവ്.

(vi) സ്ഥാപിത ബ്രാന്റ് നാമം

പൊതുസ്വകാര്യ പങ്കാളിത്ത സ്ഥാപനങ്ങൾ - വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനു വേണ്ടി പൊതുമേഖലയും സ്വകാര്യമേഖലയും തമ്മിൽ യോജിച്ചു പ്രവർത്തിക്കുന്നതാണിത്.

## പരിശീലന ചോദ്യങ്ങൾ

### ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക

(1) ഒരു കമ്പനിയിലെ സർക്കാരിന്റെ കൈവശമുള്ള അടച്ചുതീർത്ത മൂലധനത്തിന്റെ പങ്ക് _________ശതമാനത്തിൽ കുറയാതിരുന്നാൽ അവയെ സർക്കാർ കമ്പനി എന്ന് വിളിക്കാം.

(a) 49 ശതമാനം (b) 51 ശതമാനം

(c) 50 ശതമാനം (d) 25 ശതമാനം

(2) ആഗോള സംരംഭങ്ങളിലെ കേന്ദ്രീകൃത നിയന്ത്രണം എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് _________ വഴിയുള്ള നിയന്ത്രണമാണ്.

(a) ശാഖകൾ (b) അനുബന്ധ കമ്പനികൾ

(c) കേന്ദ്ര ആസ്ഥാനം (d) പാർലമെന്റ്

(3) ആരുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളെയാണ് പൊതുമേഖല സ്ഥാപനങ്ങൾ എന്നു പറയുന്നത്?

(a) ഹിന്ദു അവിഭക്ത കുടുംബം (b) സർക്കാർ

(c) വിദേശ കമ്പനികൾ (d) സ്വകാര്യസംരംഭകർ

(4) നഷ്ടത്തിലായ പൊതുമേഖലാസ്ഥാപനങ്ങളുടെ പുനർനിർമ്മാണം നടത്തുന്നത് ആരുവഴിയാണ്?

(a) എം.ഒ.എഫ്.എ (b) എം.ഒ.യു

(c) ബി.ഐ.എഫ്. ആർ (d) എൻ.ആർ.എഫ്

(5) പൊതുമേഖലാ സംരംഭങ്ങളുടെ ഓഹരി വിറ്റഴിക്കൽ എന്നാൽ :

(a) സ്വകാര്യമേഖലയ്ക്കോ പൊതുജനങ്ങൾക്കോ ഓഹരി വിൽക്കുക.

(b) പ്രവർത്തനം അവസാനിപ്പിക്കുക.

(c) പുതിയ മേഖലകളിൽ നിക്ഷേപം നടത്തുക.

(d) പൊതുമേഖലാ സംരംഭങ്ങളുടെ ഓഹരി വാങ്ങുക.

(6) ഉടമസ്ഥാടിസ്ഥാനത്തിലുള്ള സംയുക്തസംരംഭങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(a) സഹകരണ സംരംഭങ്ങൾ

(b) കമ്പനി

(c) പങ്കാളിത്ത സംരംഭം

(d) ക്ലിപ്തബാധ്യത പങ്കാളിത്തം

**ഹ്രസ്വോത്തര ചോദ്യങ്ങൾ**

1) പൊതുമേഖലയേയും സ്വകാര്യമേഖലയേയും കുറിച്ച് വിശദീകരിക്കുക?
2) സ്വകാര്യ മേഖലയിലെ വിവിധ സംഘടനാ രൂപങ്ങളെപ്പറ്റി വ്യക്തമാക്കുക?
3) പൊതുമേഖലയിലെ വിവിധ സംഘടനാ രൂപങ്ങൾ ഏതെല്ലാം?
4) പൊതുമേഖലയിലെ മറ്റ് സംഘടനാരൂപങ്ങളേക്കാൾ സർക്കാർ കമ്പനികൾക്ക് പ്രാധാന്യം ലഭിക്കുന്നത് എന്തുകൊണ്ട്?
5) എങ്ങനെയാണ് സർക്കാർ രാജ്യത്ത് പ്രാദേശിക സന്തുലനം നിലനിർത്തുന്നത്?
6) പൊതുമേഖലയിലെ ചില സംരഭങ്ങളുടെ പേരുകൾ രേഖപ്പെടുത്തി അവയെ വിവിധ രൂപങ്ങളായി തരംതിരിച്ച് പട്ടികപ്പെടുത്തുക.
7) പൊതുസ്വകാര്യ പങ്കാളിത്തം എന്നത് എന്ത് എന്ന് വിശദമാക്കുക.

**ദീർഘോത്തര ചോദ്യങ്ങൾ**

1) പൊതുമേഖലയോടുള്ള 1991 ലെ വ്യവസായ നയത്തെ കുറിച്ച് വിശദമാക്കുക?
2) 1991 ന് മുമ്പുള്ള പൊതുമേഖലയെപ്പറ്റി വിവരിക്കുക?
3) പൊതുമേഖലാ കമ്പനികൾക്ക് സ്വകാര്യമേഖലാ സ്ഥാപനങ്ങളുമായി ലാഭത്തിന്റേയും കാര്യക്ഷമതയുടെയും കാര്യത്തിൽ മത്സരിക്കാൻ സാധിക്കുമോ? നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.
4) ആഗോള സംരംഭങ്ങളെ മറ്റ് ബിസിനസ് സംഘടനാ രൂപങ്ങളിൽ നിന്ന് മേന്മയേറിയതായി കണക്കാക്കുന്നതിനുള്ള കാരണം വിശദമാക്കുക?
5) സംയുക്ത സംരംഭങ്ങളുടെ നേട്ടങ്ങൾ വിശദീകരിക്കുക?

**പ്രോജക്റ്റ് / അസൈൻമെന്റ്**

1) വിദേശ കമ്പനികളുമായി സംയുക്ത സംരംഭത്തിലേർപ്പെട്ട ഇന്ത്യൻ കമ്പനികളുടെ പട്ടിക തയ്യാറാക്കുക. ഇത്തരം സംരംഭത്തിലൂടെ ഉണ്ടായ നേട്ടങ്ങളെപ്പറ്റി വിശദീകരിക്കുക.